കേരള കാർഷികസർവകലാശാല

# 1990-'91 ലെ ബജററ്

എക്സിക്യൂട്ടീവ് കമ്മിററിക്കുവേണ്ടി
ഫിനാൻസ് കമ്മിററി മെമ്പർ

ശ്രീ. എ. എം. പരമൻ എം. എൽ. എ.

ജനറൽ കൗൺസിലിൽ ചെയ്ത പ്രസംഗം

KAU LIBRARY
806468
IR 630.06 KAU/BU/90

23 മാർച്ച് 1990

1
63-08
KAUF 40

806468

സർ,

കേരള കാർഷിക സർവകലാശാലയുടെ 1990-91 ലെ ബഡ്ജററും, 1989-90 ലേക്കുള്ള പുതുക്കിയ ബഡ്ജററും സഭയുടെ സജീവ പരിഗണനക്കും, അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

നൂററാണ്ടുകൾ നീണ്ടു നിന്ന വിദേശ സാമ്രാജ്യാധിപത്യം ഇന്ത്യയുടെ പ്രകൃതി വിഭവ സമ്പത്തും, മാനവ ശേഷിയും, സ്വന്തം സമ്പദ്വ്യവസ്ഥയുടെ അതിവേഗത്തിലുള്ള വികസന മുന്നേററങ്ങൾക്കു വേണ്ടി ചൂഷണം ചെയ്യുന്നതിൽ മാത്രമേ തൽപരരായിരുന്നുള്ളൂ. ഇരുപതാം നൂററാണ്ടിൻെറ പൂർവ്വാർദ്ധാവസാനത്തോടെ സാമ്രാജ്യാധിപത്യം അവസാനിക്കുമ്പോൾ ഇന്ത്യയുടെ കാർഷിക രംഗം നാടുവാഴിത്ത—ഭൂഉടമ ബന്ധങ്ങളുടേയും, പ്രാചീന പ്രാകൃത സങ്കേതങ്ങളുടേയും, ചങ്ങലക്കെട്ടുകളിൽ പെട്ട് നിശ്ചലമായിരുന്നു. കാർഷികോല്പാദനത്തെ നൂററാണ്ടുകളായി വരിഞ്ഞു കെട്ടിയിരുന്ന ഈ ചങ്ങല കെട്ടുകൾ പൊട്ടിച്ചു മാററാതെ നമ്മുടെ കോടികണക്കിനുള്ള ഗ്രാമീണ ജനങ്ങൾക്ക്, ഭക്ഷണവും, പാർപ്പിടങ്ങളും, തൊഴിലവസരങ്ങളും നൽകുവാനോ, അവരുടെ സാമൂഹ്യ-സാംസ്കാരിക ബോധ നിലവാരമുയർത്തുവാനോ വികസിത ലോക രാജ്യങ്ങളുടെ നിരയിലേക്ക് മുന്നേറുവാനാവശ്യമായ വ്യവസായങ്ങൾക്ക് നിരന്തരം വികസിക്കുന്ന കമ്പോളവും പ്രവാഹം നിലക്കാത്ത അസംസ്കൃത പദാർത്ഥങ്ങളും, നൽകുവാനോ, വ്യവസായവൽക്കരണത്തിനാവശ്യമായ മൂലധന രൂപീകരണത്തിൻെറ ഉറവിടം സുശക്തമാക്കുവാനോ കഴിയുകയില്ല.

ഇരുപതാം നൂററാണ്ടിൻെറ പുറ വാതിൽ പടിക്കലെത്തി നില്ക്കുന്ന ഈ അവസരത്തിലും, നമ്മുടെ രാജ്യം അവികസിതമോ, വികസ്വരമോ ആയ രാജ്യങ്ങളുടെ പട്ടികയിൽ തന്നെ കിടക്കുകയാണ്. വികസിത രാജ്യങ്ങളുടെ നിരയിലെത്തുവാനുള്ള പാതവെട്ടിയൊരുക്കുന്നതിലും മുന്നോട്ടുള്ള കുതിപ്പിൻെറ ആക്കം വർദ്ധിപ്പിക്കുന്നതിലും, കാർഷിക വികസനത്തിൽ നിർവഹിക്കുവാനുള്ള പങ്ക് സുവിദിതമാണ്. അതുകൊണ്ട് തന്നെയാണ് എല്ലാ സംസ്ഥാനങ്ങളിലും കുറഞ്ഞത് ഒന്നെങ്കിലും എന്ന രീതിയിൽ അതാതു സംസ്ഥാനങ്ങളുടെ ഭൂമി ശാസ്ത്രപരവും, പരിസ്ഥിതി പരവുമായ പ്രത്യേകതകൾക്കനുയോജ്യമായ തരത്തിലുള്ള സാങ്കേതങ്ങളും, അനുഷ്ടാനങ്ങളും വികസിപ്പിച്ചെടുക്കുകയും കർഷക ജനങ്ങളുടെ ഇടയിൽ അവയെക്കുറിച്ചുള്ള വിജ്ഞാന വ്യാപനം കാര്യക്ഷമമാക്കുയും ചെയ്യുന്നതിനുവേണ്ടി, കാർഷിക സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടത്. ...ന്നെയാണ് 1972 ൽ നമ്മുടെ സംസ്ഥാനത്ത് കേരള കാർഷിക സർവകലാ... രൂപം കൊണ്ടത്.

ഈ സർവകലാശാലയുടെ പൊതുവിലും, ഇവിടെ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞന്മാരുടേയും ഭരണതല ഉദ്യോഗസ്ഥന്മാരുടേയും ഭരണ വിഭാഗം ജീവനക്കാരുടേയും പ്രത്യേകിച്ചും ഏററവും മുഖ്യമായ ബാദ്ധ്യത പല കാരണങ്ങൾ കൊണ്ടും ഈ സംസ്ഥാനത്തെ കർഷക ജനതയോടാണെന്ന വസ്തുത മേൽ വിവരിച്ച ചരിത്ര പശ്ചാത്തലത്തിൽ നിന്നും വ്യക്തമാണ്. 18 വയസ്സ് തികഞ്ഞ യൗവ്വനത്തിലേക്ക് പ്രവേശിക്കുന്ന ഈ സർവകലാശാല അതിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളിലൂടെ ഈ ബാദ്ധ്യത എത്രമാത്രം നിറവേററിയിട്ടുണ്ട്; ലഭ്യമായിരുന്ന സാദ്ധ്യതകളും അവസരങ്ങളും എത്രമാത്രം ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ട്. ലഭ്യമായ സാദ്ധ്യതകളും, അവസരങ്ങളും ഉപയോഗപ്പെടുത്തി ഈ ബാദ്ധ്യത തുടർന്ന് നിറവേററുന്നതിന് സർവകലാശാല ഭരണസമിതി വിഭാവനം ചെയ്യുന്ന പരിപാടികളും, പദ്ധതികളും എന്തൊക്കെയാണ് എന്ന് പൊതുവിൽ നിർവചിക്കുന്ന രേഖയാണ് ബഡ്ജററ്.

ആയിരത്തി ഒരുനൂറോളം ശാസ്ത്രജ്ഞന്മാരും, ആയിരത്തോളം ഭരണ വിഭാഗം ജീവനക്കാരും അഞ്ഞൂറിൽപരം സമാന്തര സാങ്കേതിക വിഭാഗം ജീവനക്കാരും മൂവ്വായിരത്തോളം മണ്ണിൽ പണിയെടുക്കുന്ന കാർഷിക തൊഴിലാളികളും, ആയിരത്തി എണ്ണൂറിനു മേൽ വിദ്യാർത്ഥികളും ചേർന്നുള്ള വമ്പിച്ച മാനവശേഷിയാണ് സർവകലാശാലക്ക് സ്വന്തമായുള്ളത്. ഏഴ് കോളേജുകളും. അഞ്ച് മേഖല ഗവേഷണ കേന്ദ്രങ്ങളും, പതിനെട്ട് ഗവേഷണ കേന്ദ്രങ്ങളും, മൂന്ന് കൃഷിവിജ്ഞാന കേന്ദ്രങ്ങളുമാണ് യൂണിവേഴ്സിററിയുടെ മുഖ്യസ്ഥാപനങ്ങൾ, പ്രവർത്തന സിരാകേന്ദ്രങ്ങൾ. ആയിരത്തിനുമേൽ ഹെക്ടർ വിസ്തീർണ്ണമാണ് സർവകലാശാലയുടെ ഭൂസ്വത്ത്. കേരള സർക്കാരും, ഐ. സി. എ. ആറും. ഫാർ ഈസ്ററ് ഡവലപ്പ്മെൻറ് ഏജൻസിയും, ഐ. സി. എം. ആർ ഡിപ്പാർട്ടുമെൻറ് ഓഫ് സയൻസ് ആൻറ് ടെക്നോളജി, യു. എസ്. ഡി. എ. തുടങ്ങിയ ഏജൻസികളും എല്ലാംകൂടി സർവകലാശാലക്ക് നൽകുന്ന സഹായധനം പ്രതിവർഷം പതിനെട്ട് – പത്തൊൻമ്പത് കോടി രൂപയിൽ പരമാണ്. ഇതിന് പുറമേ യൂണിവേഴ്സിററിയുടെ വസ്തു വകകളിൽ നിന്നും വമ്പിച്ച തോതിൽ വികസിപ്പിച്ചെടുക്കാവുന്ന വരുമാനവുമുണ്ട്. ഇതെല്ലാം ചേർന്നതാണ് യൂണിവേഴ്സിററിയുടെ ഭൗതിക സാഹചര്യങ്ങൾ. ഈ വമ്പിച്ച മാനവശേഷിയും അതുപ്പോലെ തന്നെ വമ്പിച്ച ഭൗതിക സാഹചര്യങ്ങളും, സംയോജിപ്പിച്ച് രാജ്യത്തോടും, ജനങ്ങളോടും ഉള്ള ബാദ്ധ്യതാ ബോധത്തിന്റെ ആവേശത്തിൽ പ്രവർത്തിക്കുകയാണെങ്കിൽ യൂണിവേഴ്സിററിയുടെ സ്വന്തം വികസനത്തിനും സംസ്ഥാന കാർഷിക മേഖലയുടെ വികസന പുരോഗതിക്കും സംഭാവനക്കുമുള്ള സാദ്ധ്യതകൾ അക്ഷരാർത്ഥത്തിൽ അപരിമിതം തന്നെയാണെന്ന കാര്യം നിസ്സന്ദേഹമാണ്.

നേട്ടങ്ങളൊട്ടേറെയുണ്ടെങ്കിലും, പുരോഗതി ഗണ്യമായതു തന്നെയെങ്കില[illegible] സംസ്ഥാനത്തിന്റെ കാർഷിക, മൃഗസംരക്ഷണ മൽസ്യബന്ധന മേഖലക[illegible] മുന്നേററത്തിന്റെ ആവശ്യങ്ങൾക്കും ജനങ്ങളുടെ പ്രതീക്ഷകൾക്കും ഒത്ത[illegible]

വാൻ സർവകലാശാലക്ക്, അതിൻെറ നാലു ഫാക്കൽററികളിലെ മൂന്നു പ്രവർത്തന മേഖലകളിലും—അദ്ധ്യാപനം, ഗവേഷണം, വിജ്ഞാനവ്യാപനം — കഴിഞ്ഞിട്ടില്ലെന്ന പാവനമായ അസംതൃപ്തിയുണർത്താതെ ശീഘ്രഗതിയിലുള്ള മുന്നേററത്തിനു വേണ്ടിയുള്ള പ്രയത്നങ്ങൾക്കായി അരയും തലയും മുറുക്കി ഇറങ്ങാൻ നമുക്കു കഴിയുകയില്ല.

ചുരുങ്ങിയ കാലയളവിനുള്ളിൽ വിഭവങ്ങളും, സാദ്ധ്യതകളും, അവസരങ്ങളും പരമാവധി വിനിയോഗിച്ചുകൊണ്ട് ത്വരിതമായ വികസനം കൈവരിക്കണമെങ്കിൽ ശാസ്ത്രീയമായ ദർശനവും വസ്തുനിഷ്ഠമായ ആസൂത്രണവും, കാര്യക്ഷമവും, ആവേശപൂർണ്ണവുമായ നിർവഹണവും കൂടാതെ കഴിയുകയില്ല. യൂണിവേഴ്സിററിയുടെ സമഗ്രമായ വികസനത്തിന് സുവ്യക്തവും സമയബന്ധിതവുമായ ഒരു പരിപാടി ഉണ്ടാവണം.

എതൊരു സമൂഹത്തിൻേറയും സ്ഥാപനത്തിൻേറയും നിലനിൽക്കുവാനുള്ള അവകാശത്തിൻെറ അചലമായ അടിസ്ഥാനം അനുസ്യൂതമായ വളർച്ചക്ക് വേണ്ടിയുള്ള അടങ്ങാത്ത വ്യഗ്രതയാണ്. ഈ വ്യഗ്രത ഉറഞ്ഞുപോകാൻ അനുവദിച്ചാൽ സമൂഹമായാലും സ്ഥാപനമായാലും അതിൻെറ ചരിത്രാവസാനത്തിലേക്ക് അതിവേഗം ഒഴുകി ഇറങ്ങുക തന്നെ ചെയ്യും. കഴിഞ്ഞ ഏതാനും വർഷങ്ങളായെങ്കിലും നമ്മുടെ സർവകലാശാലയുടെ വികസനവും, പുരോഗതിയും വഴി മുട്ടി നിൽക്കുന്ന പ്രതീതിയാണുള്ളത്. പുറത്തുനിന്നു ശ്രദ്ധാപൂർവം വീക്ഷിക്കുന്നവർ മാത്രമല്ല ഈ സ്ഥാപനത്തിലെ മഹാഭൂരിപക്ഷം ശാസ്ത്രജ്ഞമാരും, ജീവനക്കാരും ഈ മാന്ദ്യത്തെക്കുറിച്ച് നിരന്തരമായി പരാതി പറയുന്നവരാണ്. 'കാർഷിക മൃഗ സംരക്ഷണ ഫാക്കൽററികളിൽ പ്രവർത്തനങ്ങളും നേട്ടങ്ങളുമുണ്ടെങ്കിലും ഫിഷറീസ്, എൻജിനീയറിംഗ് ഫാക്കൽററികളുടെ സ്ഥിതി അൽപ്പവും അഭിമാനകരമല്ല. കാര്യക്ഷമമായ നടപടികൾ ധീരമായി കൈക്കൊണ്ടു കൊണ്ടല്ലാതെ ഈ മാന്ദ്യം അവസാനിപ്പിക്കുവാൻ നമുക്കോ, മുന്നേററത്തിൻെറ ആക്കം ഉൾക്കൊള്ളുവാൻ സർവകലാശാലക്കോ കഴിയുകയില്ല. രോഗം നിർണ്ണയിക്കണം, രോഗകാരണങ്ങൾ കണ്ടെത്തണം, ശരിയായ ചികിൽസ നിശ്ചയിക്കണം, ധീരമായി ചികിൽസ നടത്തുകയും വേണം.

ഈ ദു:സ്ഥിതിക്ക് ഏററവും മുഖ്യമായ കാരണം ഇന്ന് യൂണിവേഴ്സിററിയുടെ മുന്നിൽ ഉയർന്നുനിൽക്കുന്ന കട ബാദ്ധ്യതകളുടെ കൂമ്പാരമാണ്. നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മററി ചുമതല ഏറെറടുക്കുന്ന അവസരത്തിൽ ഇത് 400 ലക്ഷത്തിൽപരം രൂപയുടേതായിരുന്നു. യൂണിവേഴ്സിററിയുടെ ക്യാമ്പസുകൾക്കും, കേന്ദ്രങ്ങൾക്കും ആവശ്യമായ സ്ഥലം സ്വകാര്യവ്യക്തികളിൽ നിന്നും അക്വയർ ചെയ്ത അവസരത്തിൽ സ്ഥലവിലയെ സംബന്ധിച്ചും മററുമുള്ള പ്രശ്നങ്ങൾ നിയമാനുസൃതവും യുക്തിപൂർവവും, കാര്യക്ഷമവുമായി തീരുമാനത്തിലെത്തിച്ച് തീർപ്പ് ഉണ്ടാക്കാതിരുന്നതിൻെറ ഫലമായി ഭൂമിയുടമകൾ കോടതിയെ സമീപിച്ച് നിരവധി വർഷങ്ങൾ നീണ്ടുനിന്ന വ്യവഹാരങ്ങൾ നടത്തി വിധി സംമ്പാദിച്ചപ്പോൾ ആദ്യഘട്ടത്തിൽ കൊടുത്ത ഇടപാടുകൾ തീർക്കാ

നാവശ്യമായിരുന്നതിൻെറ നിരവധി മടങ്ങ് തുകകൾ ദീർഘകാലത്തെ പലിശ സഹിതം കൊടുത്തു തീർക്കേണ്ടത് ബാദ്ധ്യതയായി തീരുകയാണുണ്ടായത്. ഇതിനു പുറമേയാണ് ശാസ്ത്രജ്ഞൻമാരുടേയും, ജീവനക്കാരുടേയും പ്രോവിഡൻറ് ഫണ്ടിലേക്കുള്ള യൂണിവേഴ്സിററിയുടെ വിഹിതം യഥാകാലം അടക്കാതെ കുടിശിഖ വരുത്തിയ ഇനത്തിലുള്ള ബാദ്ധ്യത. ഇത് ഇപ്പോൾ 300 ലക്ഷത്തിനു മേൽ രൂപയുടേതാണ്. കൂടാതെ സർക്കാരിൽ നിന്നും വാങ്ങിയിട്ടുള്ള വായ്പകളും അടച്ചുതീർക്കുവാനുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കകം ഭൂമി വിലയിനത്തിലെ ബാദ്ധ്യതയിൽ 260.61 ലക്ഷം രൂപ അടച്ചു തീർത്തിട്ടുണ്ട്. പദ്ധതി ചിലവുകൾക്കായി ഗവൺമെൻറ് നൽകുന്ന ഗ്രാൻറിൽ നിന്നുമാണി തുകയടക്കേണ്ടത്. പദ്ധതിയേതര സഹായ ധനം എസ്ററാബ്ളിഷ്മെൻറ് ചിലവുകൾക്ക് തന്നെ മതിയാവാത്ത സ്ഥിതിയിൽ പദ്ധതി ചിലവുകൾക്കായി തരുന്ന സഹായധനത്തിൽ നിന്നു തന്നെ ഈ കട ബാദ്ധ്യതകൾക്കുള്ള പണമെടുത്തേ മതിയാകൂ. വികസനത്തിനുവേണ്ടിയുള്ള പദ്ധതികൾക്കായി സർക്കാർ നൽകുന്ന ധനസഹായം അനവധാനമായ സാമ്പത്തിക നിർവഹണവും കെടുകാര്യസ്ഥതയും ധൂർത്തുംകൊണ്ട് കുന്നുകൂടിയ കട ബാദ്ധ്യതകൾ തീർക്കുവാൻ ഉപയോഗിക്കുവാൻ നിർബന്ധിതമായിരിക്കുന്ന ദു:സ്ഥിതിയാണ് വികസനത്തേയും പുരോഗതിയേയും ബാധിച്ചിരിക്കുന്ന മാന്ദ്യത്തിനു മുഖ്യകാരണം.

ഇതോടൊപ്പം കഴിഞ്ഞ കാലത്തെ അധികവ്യയവും, ദൂർവ്യയവും സർവകലാശാലയുടെ വികസനത്തിനു മാററി വെക്കുവാൻ കഴിയുമായിരുന്ന വിഭവങ്ങൾ വൻതോതിൽ തന്നെ അപഹരിച്ചിട്ടുണ്ട്, സർവകലാശാല ഏർപ്പെട്ട ചില കോൺട്രാക്ടറുകളുടെ കാര്യത്തിലും ടെലഫോൺ, വാഹന ഉപയോഗം തുടങ്ങിയവയുടെ കാര്യത്തിലും, വമ്പിച്ച വേതനവും, സുഖഭോഗങ്ങളും അനുവദിച്ചുകൊണ്ടുള്ള തസ്തികകൾ സൃഷ്ടിച്ച് നിലനിർത്തുന്ന കാര്യത്തിലും ഭരണ കർത്താക്കൾ യൂണിവേഴ്സിററി വിഭവങ്ങൾക്കൊണ്ട് ദീപാളി കുളിക്കുകയായിരുന്നു. ആർഭാട പ്രകടനത്തിനായി മരാമത്ത് പണികൾ വൻതോതിൽ പണംമുടക്കി ആരംഭിച്ച്, ഇടക്കുവെച്ച് ഉപേക്ഷിച്ചതിൻെറ ഫലമായി മൃതമായിപ്പോയ വിഭവങ്ങൾ കുറച്ചൊന്നുമല്ല. ഈ ദുർഭരണത്തിനും, ധൂർത്തിനുമിടയിലും യൂണിവേഴ്സിററി കേന്ദ്രങ്ങളുടേയും, ക്യാമ്പസുകളുടേയും വികസനത്തിനു നീക്കിവെക്കപ്പെട്ട തുകകൾ ശാസ്ത്രജ്ഞൻമാരുടെ ജാഗ്രത കുറവുകൊണ്ട് വിനിയോഗിക്കപ്പെടാതെ പോയ സംഭവങ്ങളും ഏറെയുണ്ട്.

വികസനത്തിൻെറയും, പുരോഗതിയുടെയും വഴിമുട്ടിച്ചുകൊണ്ടുയർന്നു നിൽക്കുന്ന ഭരണ പരമായ വൈതരണികളും കുറച്ചൊന്നുമല്ല. വെള്ളായണിയിലും, വെള്ളാനിക്കരയിലും മണ്ണുത്തിയിലും ഒഴികെയുള്ള ഗവേഷണ കേന്ദ്രങ്ങളിലും, ക്യാമ്പസുകളിലും, ഫാമുകളിലും, കൃഷിവിജ്ഞാന കേന്ദ്രങ്ങളിലും, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക് റിക്രൂട്ട്മെൻറ് നടത്താൻ കഴിയുന്നില്ല. സാമ്പത്തിക വൈഷമ്യങ്ങളാണ് കാരണം. ഇതിനു പുറമേ ശാസ്ത്രജ്ഞൻമാരുടേയും ഭരണ വിഭാഗം ജീവനക്കാരുടെയും, സ്ഥലം മാററം, പോ

സ്ററിംഗ് തുടങ്ങിയവയെ സംബന്ധിച്ച് യൂണിവേഴ്സിററി അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ യൂണിവേഴ്സിററിയുടെ പ്രവർത്തന വികസന താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകികൊണ്ടല്ല; പ്രത്യുത വ്യക്തി താൽപര്യങ്ങൾക്കു മാത്രം പ്രാധാന്യം നൽകികൊണ്ടുള്ളവയാണ്. പുറം കേന്ദ്രങ്ങളെന്നു വിശേഷിപ്പിക്കപ്പെടുന്ന യൂണിവേഴ്സിററി കേന്ദ്രങ്ങളിലും, സ്ഥാപനങ്ങളിലും ഐ. സി. എ. ആറിൻേറയും മററും സഹായത്തോടെ നടത്തുന്ന പ്രോജക്ററുകളിൽ ജോലി ചെയ്യാൻ ആളെ കിട്ടാത്ത ദു:സ്ഥിതി യൂണിവേഴ്സിററിയുടെ ഗവേഷണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ എത്രമാത്രം പ്രതികൂലമായി ബാധിച്ചു കഴിഞ്ഞിട്ടുണ്ടെന്ന കാര്യം എല്ലാവർക്കും ബോധ്യപ്പെട്ടേ മതിയാകൂ. ഒരു കേന്ദ്രം ഒരു പ്രത്യേക സ്വഭാവത്തിലുള്ളതോ ഒരു പ്രത്യേക വിളയെ സംബന്ധിക്കുന്നതോ ആയ ഗവേഷണ പ്രവർത്തനങ്ങൾക്ക് മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതാണെങ്കിൽ ആ രംഗത്ത് പ്രത്യേക വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ശാസ്ത്രജ്ഞൻമാർ വ്യക്തിപരമായ അസൗകര്യങ്ങൾ എന്തെല്ലാമായിരുന്നാലും അവിടെ പ്രവർത്തിക്കുവാൻ തയ്യാറാകണം. വർഷങ്ങളായി കുരുമുളക് ഗവേഷണത്തിൽ കേന്ദ്രീകരിച്ചിരുന്ന ആളെ സ്ഥലം മാററി നെല്ലു ഗവേഷണത്തിലായിരുന്ന ആളെ പകരം വെക്കുന്നതാണ് ഇന്നത്തെ രീതി. പ്രത്യേകം വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ശാസ്ത്രജ്ഞൻമാർ അത് ആവശ്യമായ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുവാൻ വേണ്ട ത്യാഗവും അർപ്പണ മനോഭാവവും പ്രകടിപ്പിക്കണം. അതുകൊണ്ട് മാത്രമേ ആ രംഗത്തിൻെറ പ്രത്യേകിച്ചും യൂണിവേഴ്സിററിയുടെ പൊതുവിലുമുള്ള പുരോഗതിക്ക് സംഭാവന ചെയ്യുവാൻ ശാസ്ത്രജ്ഞൻമാർക്ക് കഴിയുകയുള്ളൂ. കൃഷിയും കാലിവളർത്തലും, മൽസ്യബന്ധനവും, ഗ്രാമീണ സാമ്പത്തിക പ്രവർത്തന രംഗങ്ങളാണ്. ഇവയുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞൻമാരുടെ പ്രവർത്തനരംഗം നാട്ടിൻ പുറമാണ്. നഗരങ്ങളിലോ പ്രാന്തങ്ങളിലോ ഉള്ള കേന്ദ്രങ്ങളിൽ ആ കേന്ദ്രങ്ങൾക്ക് താങ്ങാവുന്നതിലുമധികം ശാസ്ത്രജ്ഞൻമാരും ജീവനക്കാരുമുണ്ട്. ആവശ്യത്തിലധികം തസ്തികകൾ അവിടങ്ങളിൽ സൃഷ്ടിക്കപ്പെടുന്നതുകൊണ്ടുള്ള ദുർവ്യയം വമ്പിച്ചതാണ്. പുറം കേന്ദ്രങ്ങളായി വിവരിക്കപ്പെടുന്നത്, ഗ്രാമങ്ങളിൽ സ്ഥിതിചെയ്യുന്ന കേന്ദ്രങ്ങളാണ്. കാർഷിക സർവകലാശാലയുടെ ഗ്രാമീണ കേന്ദ്രങ്ങൾ അവഗണിക്കപ്പെടുന്നു. അവിടങ്ങളിലെ പ്രവർത്തനങ്ങൾ സ്തംഭിച്ചു കിടക്കുന്നു. ഈ പരിതാപകരമായ സ്ഥിതിയിൽ നിന്നും യൂണിവേഴ്സിററിയെ രക്ഷിക്കുവാൻ ശാസ്ത്രജ്ഞൻമാരുടെയും ഭരണവിഭാഗം ജീവനക്കാരുടേയും സഹായമല്ലാതെ എക്സിക്യൂട്ടീവ് കമ്മററിക്ക് മറെറാന്നും തന്നെ ആശ്രയമായിട്ടില്ല.

ആസൂത്രണമെത്താത്തിടങ്ങളിൽ അരാജകത്വം വാഴുമെന്നത് നിയമമാണ്. യൂണിവേഴ്സിററിയുടെ മുന്നേററത്തിന് സമഗ്രമായ ഒരു പദ്ധതി ഇതുവരെയുമുണ്ടായിട്ടില്ല. സമഗ്രവും സർവസ്പർശിയും വസ്തു നിഷ്ഠവും ദീർഘകാല വീക്ഷണമുള്ളതുമായ ആസൂത്രണത്തിനുള്ളിൽ ഓരോ ഫാക്കൽററികളുടേയും അതിനു മുകളിൽ ഓരോ സ്ഥാപനത്തിൻേറയും ഓരോ പ്രോജക്ടിൻേറയും പ്രോഗ്രാമിൻേറയും, വികസനത്തിനുള്ള പരിപാടിയാണ് നമുക്കിന്നാവശ്യമായി

ട്ടുള്ളത്. ഇത്തരത്തിലുള്ള ആസൂത്രണത്തിൻെറ കാര്യത്തിൽ കഴിഞ്ഞ കാലത്ത് പ്രത്യേകിച്ച് അടുത്ത കാലത്ത് കുററകരമായ അലംഭാവത്തിലായിരുന്നുവെന്നതാണ് ഇന്നത്തെ ദു:സ്ഥിതിക്ക് മറെറാരു മുഖ്യ കാരണം. സർവകലാശാലയിലെ വകുപ്പുമേധാവികൾക്കും ശാസ്ത്രജ്ഞൻമാർക്കും ഭരണവിഭാഗം ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും, തൊഴിലാളികൾക്കും എല്ലാം അർഹമായ പങ്കനുവദിക്കുന്ന രീതിയിൽ ഈ ആസൂത്രണത്തെ സംബന്ധിച്ച് വിപുലവിശാലവും ജനാധിപത്യപരവും ആയ ചർച്ചകളും ആശയ വിനിമയവും നടത്തി അതിൽ നിന്നും ദീർഘകാല–ഹൃസ്വകാല അടിയന്തിര ലക്ഷ്യങ്ങൾ നിർവഹിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു വികസന ദർശനം രൂപം കൊള്ളേണ്ടിയിരിക്കുന്നു. അതിൻെറ നടപ്പാക്കലിൽ എല്ലാവർക്കും തികഞ്ഞ ലക്ഷ്യബോധവും ഉത്തരവാദിത്വവും ഉണ്ടായിരിക്കുമെന്നുള്ളതിൻെറ ഉറപ്പ്, അത് ഈ സർവകലാശാലയിലെ സമൂഹത്തിൻെറ കൂട്ടായ സൃഷ്ടിയായിരിക്കുമെന്നുള്ളതാണ്. മൂവ്വായിരത്തിൽ പരം വരുന്ന തൊഴിലാളികൾക്ക് .ഈ സർവകലാശാലയുടെ മുന്നേററത്തിൽ വഹിക്കുവാനുള്ള പങ്ക് സൃഷ്ടിപരവും, വമ്പിച്ചതുമാണ്. അസത്യബോധത്തിലാണ്ടു കിടക്കുന്ന ഈ വമ്പിച്ച മാനവശേഷിക്ക് സർവകലാശാലയോടുററ ബന്ധുത്വവും ഈ സ്ഥാപനത്തിന് മറെറല്ലാ വിഭാഗങ്ങളുടേതുന്നെതുപ്പോലെ തന്നെ തങ്ങളുടെയും സ്വന്തമാണെന്നുള്ള വികാരവും സംജാതമാക്കണം. വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ഫാം ഡവലപ്പ്മെൻറിന് വകകൊള്ളിച്ചിട്ടുള്ള 133.92 ലക്ഷം രൂപയുടേയും, വെള്ളാനിക്കര മെയിൻ ക്യാമ്പസ് ഡവലപ്പ്മെൻറിന് വകകൊള്ളിച്ചിട്ടുള്ള പത്തു ലക്ഷം രൂപയുടേയും മുന്തിയ പങ്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണു പകരിക്കപ്പെടുന്നതെന്ന കാര്യം തൊഴിലാളികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ക്യാമ്പസ് ഡവലപ്പ്മെൻറിൻേറയും, സൗന്ദര്യവൽക്കരണത്തിൻേറയും കാര്യത്തിൽ വിദ്യാർത്ഥികൾക്ക് മഹത്തായ ഒരു പങ്കും, കടമയും നിർവഹിക്കുവാനുണ്ട്. ഇതുവരെയും അതിനുള്ള അവസരം അവർക്ക് ലഭ്യമായിട്ടില്ല. 1990–91 മുതൽ എല്ലാ അർദ്ധവർഷത്തിലും ഒരാഴ്ചക്കാലം അദ്ധ്യാപകരും, വിദ്യാർത്ഥികളും ചേർന്ന് ശ്രമദാനം നടത്തി തൊഴിലാളികളുടെയും, ജീവനക്കാരുടെയും സജീവ പങ്കാളിത്തത്തോടെ കാമ്പസ് വികസനവാരം ആചരിക്കണമെന്ന് നിർദ്ദേശമാണ് എക്സിക്യൂട്ടീവ് കമ്മററി വെക്കുന്നത്.

1990–91ലെ ബഡ്ജററിലെ വിശദാംശങ്ങളിലേക്ക് കടക്കുംമുമ്പ് എട്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഊന്നൽ നൽകി സർവകലാശാല നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളെപ്പററി ഒന്നു സൂചിപ്പിച്ചുകൊള്ളട്ടെ.

കാർഷിക വിദ്യാഭ്യാസ രംഗത്ത് അടുത്ത പദ്ധതിക്കാലം പ്ലാൻറ് ഫിസിയോളജി, സീഡ് ടെക്നോളജി, നെമറേറാളജി എന്നീ വകുപ്പുകളും, ബയോ കെമിസ്ട്രിയിൽ ഒരു സെക്ഷനും പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നു. ബയോ ടെക്നോളജി ഗവേഷണം വികസിപ്പിക്കുന്നതിലേക്കായി അടുത്ത പദ്ധതിക്കാലത്തേക്ക് 50 ലക്ഷം രൂപ ചിലവഴിക്കാനുദ്ദേശിക്കുന്നു. ഇതുകൂടാതെ ശാസ്ത്ര

-സാങ്കേതിക വകുപ്പ് തുടങ്ങി മററു ധനസഹായ ഏജൻസികളുടെ ധനസഹായ ത്തോടെ ഈ രംഗത്ത് ഗവേഷണം ത്വരിതപ്പെടുത്തുന്നതിനും ഉദ്ദേശമുണ്ട്. പോസ്ററ്ഹാർവെസ്ററ് ടെക്നോളജി, റിമോട്ട് സെൻസിംഗ് എന്നീ മേഖലക ളിലും പഠന-ഗവേഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതാണ്. കോ ളേജുകളിൽ ലൈബ്രറികൾ വികസിപ്പിക്കുകയും, കമ്പ്യൂട്ടറുകൾ സ്ഥാപിക്കുക യും മററും അടുത്ത പദ്ധതിക്കാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളിൽപ്പെടുന്നു. അഗ്രോ-ഫോറസ്ട്രി പഠന-ഗവേഷണ പ്രവർത്ത നങ്ങൾക്ക് അടുത്ത പദ്ധതിക്കാലത്ത് പ്രാമുഖ്യം നൽകുവാൻ ഉദ്ദേശിക്കുന്നു. സഹകരണ ബാങ്കിംഗ് കോളേജിൽ ''ഡെവലപ്പ്മെൻറ് ഇക്കണോമിക്സി''ൽ പുതിയ വകുപ്പ് തുടങ്ങാനും ആലോചിക്കുന്നുണ്ട്. മൃഗ സംരക്ഷണ വിദ്യാഭ്യാ സ മേഖലയിൽ ടോക്സിക്കോളജിക്കൽ ലാബറട്ടറി, ഫിഷറീസ് കോളേജിൽ മൽസ്യകൃഷി അടിസ്ഥാന പഠന ഗവേഷണത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പി ക്കൽ, മാക്രോ ബ്രാക്കിയം ഹാച്ചറി വികസനം, തവനൂർ കേളപ്പജി കോളേജിൽ ലാബറട്ടറി വർക്ക്ഷോപ്പുകൾ എന്നിവയുടെ നവീകരണം തുടങ്ങിയവയും അടുത്ത പദ്ധതിക്കാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളാണ്. ഉദ്ദേശം 1316 ലക്ഷം രൂപ അടങ്കൽത്തുക വരുന്ന പുരോഗമന പദ്ധതികൾക്കാ ണ് കാർഷിക വിദ്യാഭ്യാസത്തിൻേറയും, അനുബന്ധ വിഷയങ്ങളിലുള്ള പഠന പ്രവർത്തനങ്ങളുടേയും വികസനത്തിനായി രൂപം കൊടുക്കുവാനുദ്ദേശിക്കു ന്നത്.

അടുത്ത പദ്ധതിക്കാലത്തേക്ക് വീട്ടുവളപ്പ് കൃഷി, മണ്ണ്--ജലപരിപാല നം, വിള-കന്നുകാലി-മൽസ്യ സംയോജിത കൃഷി, മാൻഗ്രോവ് റിസർച്ച്, പ്രശ്ന മണ്ണുകളുടെ പുനരുദ്ധാരണം, പരിപാലനം, രോഗപ്രതിരോധ ശക്തി യുള്ള നെല്വിനങ്ങളുടെ ഉദ്പാദനം. കാർഷികരംഗത്ത് വനിതകളുടെ പങ്ക്, എണ്ണ ക്കുരുക്കളുടേയും പയറുവർഗങ്ങളുടേയും വികസനം, വ്യത്യസ്ത പരിതഃസ്ഥി തിക്കനുയോജ്യമായ അധികോൽപ്പാദനശേഷിയുള്ള നെല്വിനങ്ങളുടെ വികസനം, രോഗ-കീട നിയന്ത്രണ ഗവേഷണം, മെച്ചപ്പെട്ട കശുമാവിനങ്ങളുടെ ഉത്പാദനം, ജൈവീക കീട നിയന്ത്രണം, വൃക്ഷവിളകളുടെ ജലസേചന മാർഗങ്ങൾ, സുഗ ന്ധ തൈല-മരുന്നുചെടി ഗവേഷണം, തെങ്ങും, മററു തോട്ടവിളകളിലുമുള്ള ഗവേഷണം, കൃഷിയിൽ കാലാവസ്ഥക്കുള്ള സ്വാധീനത്തെക്കുറിച്ചുള്ള പഠനങ്ങൾ എന്നീ മേഖലകളിൽ പ്രധാനമായും ഗവേഷണ പ്രവർത്തനങ്ങൾ ഊർജിതപ്പെടു ത്തുവാൻ ഉദ്ദേശിക്കുന്നു. എട്ടാം പദ്ധതിക്കാലത്ത് 657.92 ലക്ഷം രൂപ മുട ക്കിയുള്ള ഗവേഷണപദ്ധതികൾ ഏറെറടുക്കണമെന്നാണ് പ്രതീക്ഷിക്കുന്നത്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ശാസ്ത്രരംഗത്തെ നൂതന പ്രവണതകൾ ക്കനുസ്സരിച്ച് കണ്ടുപിടിക്കപ്പെടുന്ന ഗവേഷണഫലങ്ങൾ കർഷക ജനതക്കെത്തി ക്കുന്ന പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനും, വിജ്ഞാനവ്യാപന വിഭാ ഗം കാലോചിതമായി നവീകരിക്കുന്നതിനും അടുത്ത പദ്ധതിക്കാലത്ത് ഒട്ടേറെ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ രംഗത്തെ ഒരു സുപ്രധാന കണ്ണി യായ കമ്മ്യൂണിക്കേഷൻ സെൻററിൽ അത്യാന്താധുനിക ഉപകരണങ്ങളും മററും

സ്ഥാപിച്ച് വികസിപ്പിക്കുന്നതാണ്. കൂടാതെ കേന്ദ്രസർക്കാർ തുടങ്ങി മററു ധനസഹായ ഏജൻസികളുടെ സഹായത്തോടെ കൂടുതൽ കർമ്മപരിപാടികൾ ഏറെറടുക്കുവാനും ഉദ്ദേശമുണ്ട്. എട്ടാം പദ്ധതിക്കാലത്ത് മൊത്തത്തിൽ 174.30 രൂപയുടെ പരിപാടികളാണ് ഈ രംഗത്ത് വിഭാവനം ചെയ്തിട്ടുള്ളത്.

തന്നാണ്ടത്തേക്ക് മൊത്തം 2022.41 ലക്ഷം രൂപയുടെ ബഡ്ജററാണ് അംഗീകരിക്കപ്പെട്ടിരുന്നത്. സംസ്ഥാന സർക്കാരിൽ നിന്ന് 1287 ലക്ഷം രൂപ ഗ്രാൻറിനത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും, 1150 ലക്ഷം രൂപയാണ് ഗവൺമെൻറ് അനുവദിച്ചത്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 100 ലക്ഷം രൂപ കൂടുതലാണ്. സംസ്ഥാന ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ സംഖ്യക്ക് പുറമേ അധിക സഹായമായി അപേക്ഷിച്ചിട്ടുള്ളതിൽ നിന്ന് 240 ലക്ഷം രൂപയെങ്കിലും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിൽ, മററു ഏജൻസികൾ എന്നിവയിൽ നിന്ന് 227.47 ലക്ഷം രൂപ സഹായ ധനമായി പ്രതീക്ഷിക്കുന്നു. സർവകലാശാലയുടെ തനതായ വരുമാന മാർഗ്ഗങ്ങളിൽ നിന്ന് 172.03 ലക്ഷം രൂപ ലഭിക്കുമെന്നാണ് കരുതുന്നത്.

അടുത്ത സാമ്പത്തിക വർഷത്തേക്ക് മൊത്തം 2480.19 ലക്ഷം രൂപ വരവും, 2513.26 ലക്ഷം രൂപ ചിലവും, 33.07 ലക്ഷം രൂപ കമ്മിയും പ്രതീക്ഷിക്കുന്ന ബഡ്ജററിനാണ് രൂപം നൽകിയിരിക്കുന്നത്.

നോൺപ്ലാൻ ചിലവിനക്കായി 1360.29 ലക്ഷം രൂപയും, പ്ലാൻ ചിലവിനങ്ങളിൽ 542.62 ലക്ഷം രൂപയും അടുത്ത ബഡ്ജററിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഫാമുകളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിലേക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഈ വകയിനത്തിൽ കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലും സമാഹരിക്കുവാനും, ചിലവ് ചെയ്യാനും ബഡ്ജററിൽ വിഭാവനം ചെയ്തിട്ടുണ്ട്.

വിഭാവനം ചെയ്യുന്ന രീതിയിലെ ഗവേഷണ പ്രവർത്തനങ്ങൾക്കനുയോജ്യമായ രീതിയിൽ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിലേക്കായി ''ഫാം ഡെവലപ്പ്മെൻറ്'' എന്ന ഇനത്തിൽ 33.92 ലക്ഷം രൂപ മിക്ക ഗവേഷണ കേന്ദ്രങ്ങളിലുമായി വീതിച്ചു നൽകിയിട്ടുണ്ട്. നേരത്തേ സൂചിപ്പിച്ച പോലെ ബയോ–ടെക്നോളജി, പോസ്ററ് ഹാർവസ്ററ് ടെക്നോളജി, റിമോട്ട് സെൻസിംഗ് എന്നീ മേഖലകളിലെ പഠന–ഗവേഷണങ്ങൾക്കായി മരാമത്ത് പണികൾക്ക് പുറമേ 1.30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. സർവകലാശാലയുടെ പ്രധാന കാമ്പസും, പ്രാദേശിക കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. മെയിൻ കാമ്പസ് വികസനത്തിന് 10 ലക്ഷം രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. യൂണിവേഴ്സിററി സ്കൂളിന്റെ വികസനത്തിനായി 2.50 ലക്ഷം രൂപയും ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്.

തൊഴിലാളികളുടെ വേതന പരിഷ്ക്കരണത്തിന് സർക്കാർ നിയമിച്ച സമിതിയുടെ റിപ്പോർട്ട് നടപ്പാക്കാൻ വേണ്ടിവരുന്ന അധികച്ചിലവിലേക്കും, അദ്ധ്യാപകർക്ക് യു. ജി. സി പദ്ധതി പ്രകാരമുള്ള സേവന–വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിനായുള്ള അധികച്ചിലവിലേക്കും ആവശ്യമായ തുക കണ്ടെത്തേണ്ടതുണ്ട്. സർക്കാരിൽ നിന്ന് മുൻപ് കടമായി വാങ്ങിയ 32 ലക്ഷം രൂപയിൽ തിരികെ അടക്കാനുള്ള ഏഴു ലക്ഷം രൂപ ബഡ്ജററിൽ വക കൊള്ളിച്ചിട്ടുണ്ട്. തൊഴിലാളികളുടേയും, ജീവനക്കാരുടേയു. പ്രോവിഡൻറ്ഫണ്ടിൽ അടയ്ക്കാനുള്ള കുടിശ്ശിഖയായ 300 ലക്ഷത്തിൽപ്പരം രൂപ നൂറു ലക്ഷം വീതം അടുത്ത മൂന്ന് വർഷങ്ങൾ കൊണ്ട് അടച്ചു തീർക്കുവാനുദ്ദേശിക്കുന്നു. ഇതിലേക്കായി നൂറു ലക്ഷം രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്.

ഗവേഷകരുടേയും അദ്ധ്യാപകരുടേയും കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും, അവർക്ക് ഉന്നത വിദ്യാഭ്യാസ–പഠന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും വേണ്ടുന്ന പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. ഫാക്കൽററി പരിപോഷണ പദ്ധതി (ഫാക്കൽററി ഇംപ്രൂവ്മെൻറ് പ്രോഗ്രാം) യിൻ കീഴിൽ പി. എച്ച്. ഡി. പോസ്ററ് ഡോക്ടറൽ റിസർച്ച്, സമ്മർ ഇൻസ്ററിററ്യൂട്ട് എന്നിങ്ങനെയുള്ള പ്രോഗ്രാമുകളിൽ അദ്ധ്യാപകരെ പങ്കെടുപ്പിക്കുവാനായി 10 ലക്ഷം രൂപ അടുത്ത ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്.

ഈ എക്സിക്യൂട്ടീവ് കമ്മിററി അധികാരമേറെറടുത്ത ശേഷം സഭയിൽ അവതരിപ്പിക്കുന്ന ആദ്യത്തെ ബഡ്ജററാണിത്. വരവ്—ചെലവ് കണക്കുകൾ ഇനം തിരിച്ച് വിശദമായി ബഡ്ജററിൽ ചേർത്തിട്ടുണ്ട്.

## വിദ്യാഭ്യാസം

സർവകലാശാലയുടെ ഘടക കോളേജുകൾ ഏറെറടുത്ത് നടത്തുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി വരും കൊല്ലം ആകെ 690.73 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കാർഷിക കോളേജ്, ഹോർട്ടിക്കൾച്ചർ കോളേജ്, ഫിഷറീസ് കോളേജ്, അഗ്രി. എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ ബിരുദ തലത്തിലും, ബിരുദാനന്തര തലത്തിലും പഠനങ്ങൾ നടപ്പു വർഷത്തിൽ തുടർന്നു.

### *കാഷിക കോളേജ്, വെള്ളായണി*

വെള്ളായണി കാർഷിക കോളേജിൽ 245 ബിരുദ വിദ്യാർത്ഥികളും, 102 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും ഇപ്പോൾ പഠനം നടത്തുന്നു. നടപ്പു വർഷം 77 ബിരുദ വിദ്യാർത്ഥികളും, 35 ബിരുദാനന്തര വിദ്യാർത്ഥികളും 15 പി. എച്ച്. ഡി. വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കിയിട്ടുണ്ട്. കോളേജിന് വേണ്ടി പുതുതായി നിർമ്മിച്ചു വരുന്ന അക്കാഡമിക് ബ്ളോക്കിൻെറ പണി പുരോഗമിച്ചു വരുന്നു.

കോളേജിൻെറ കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാമിലെ വിവിധോദ്ദേശ പുരോഗമന പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളിൽ നിന്ന് ധനസഹായം ലഭ്യമാക്കി ജലസേചന—ഗവേഷണ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്ന നയപരിപാടിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ 48.50 ലക്ഷം രൂപയുടെ ധനസഹായം സ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഈ വരുന്ന സാമ്പത്തിക വർഷത്തിൽ തന്നെ കോളേജ് ഫാമിൽ മുഴുവനായി വിവിധ തരത്തിലുള്ള ജലസേചന പദ്ധതികൾ—സ്പ്രിംഗ്ളർ, ഡ്രിപ്പ് ഫ്ളോ തുടങ്ങിയവ ആവിഷ്കരിക്കുന്നതാണ്. കൃഷിരീതികൾ വിപുലപ്പെടുത്തുന്നതോടൊപ്പം വിദ്യാർത്ഥികളുടെ പ്രായോഗിക പരിശീലനത്തിന് ഫാമിനെ സജ്ജമാക്കുക, വരുമാനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളും ഈ പദ്ധതിയിലൂടെ കൈവരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

കോളേജിലെ ഹോംസയൻസ് ഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ ഫാം തൊഴിലാളികളുടെ കുട്ടികൾക്കായി ഒരു 'ക്രഷ്' നടപ്പു വർഷത്തിൽ ആരംഭിച്ചു.

കോളേജിൽ നിന്നും നടപ്പു വർഷത്തിൽ ഏഴു ഗവേഷണ പദ്ധതികൾ അനുമതിക്കായി വിവിധ ഏജൻസികൾക്ക് സമർപ്പിച്ചിട്ടുണ്ട്.

### *ഹോർട്ടിക്കൾച്ചർ കോളേജ്*

നടപ്പു വർഷത്തിൽ ബിരുദ കോഴ്സിന് മൊത്തം 299 വിദ്യാർത്ഥികളാണ് ഉള്ളത്. വിവിധ വിഷയങ്ങളിൽ എം. എസ്. സി., പി. എച്ച്. ഡി. കോഴ്സുകളിലായി 61 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ഈ വർഷം 53 വിദ്യാർത്ഥികൾ അഗ്രി. ബി. എസ്. സി. കോഴ്സും, 25 വിദ്യാർത്ഥികൾ ബിരുദാനന്തര ബിരുദ കോഴ്സുകളും പൂർത്തിയാക്കിയിട്ടുണ്ട്. കോളേജ് ലൈബ്രറിയിലുള്ള പുസ്തകങ്ങൾ കാററലോഗ് ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ഇൻസ്ട്രക്ഷണൽ ഫാമിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, വിള സംവിധാനവും പരിപാലനവും മെച്ചപ്പെടുത്തി ആദായം വർദ്ധിപ്പിയ്ക്കുന്നതിനുമുള്ള സമഗ്രമായ ഒരു പദ്ധതിയുടെ രൂപരേഖ ബാങ്ക് അധികൃതരുമായി ചർച്ചചെയ്തു തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്.

### *ഫിഷറീസ് കോളേജ്, പനങ്ങാട്*

ഈ കോളേജിൽ നടപ്പു വർഷത്തിൽ ബി. എഫ്. എസ്സ്. സി. കോഴ്സിന് നാലു ബാച്ചുകളിലായി മൊത്തം 111 വിദ്യാർത്ഥികളാണ് പഠിയ്ക്കുന്നത്. എം. എഫ്. എസ്സി. കോഴ്സിന് 21 വിദ്യാർത്ഥികളും പഠനം നടത്തുന്നുണ്ട്. ഈ വർഷം 46 വിദ്യാർത്ഥികൾ ബി. എഫ്. എസ്സി. കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടു വിദ്യാർത്ഥികൾ എം. എഫ്. എസ്സി. കോഴ്സും പൂർത്തിയാക്കി.

അഗ്രികൾച്ചർ, ഫിഷറീസ്, ബയോളജി എന്നീ നിലവിലുള്ള വിഷയങ്ങൾക്കു പുറമെ പ്രോസസിങ്ങ് ടെക്നോളജിയിലും ബിരുദാനന്തര ഡിഗ്രി കോഴ്സ് ഈ വർഷം ആരംഭിച്ചിട്ടുണ്ട്.

### *കോ–ഓപ്പറേഷൻ ആൻറ് ബാങ്കിംഗ് കോളേജ്, മണ്ണുത്തി*

ഈ നടപ്പു വർഷത്തിൽ ഡിഗ്രി കോഴ്സിന് 19 വിദ്യാർത്ഥികളും, ബിരുദാനന്തര കോഴ്സിന് 2 വിദ്യാർത്ഥികളും പഠനം നടത്തുന്നു. ഡിഗ്രി കോഴ്സിലേയ്ക്ക് കഴിഞ്ഞ വർഷം പ്രവേശനം മാററി വെക്കേണ്ടി വന്നുവെങ്കിലും ഈ വർഷം പ്രവേശനം പുനരാരംഭിച്ചിട്ടുണ്ട്. കോ–ഓപ്പറേഷൻ ആൻറ് ബാങ്കിംഗ് സിലബസ് പരിഷ്കരണത്തിനായി സർവകലാശാല നിയോഗിച്ചിരുന്ന കമ്മിററി അവരുടെ ശുപാർശകൾ സമർപ്പിച്ചു കഴിഞ്ഞു. സി. ആൻറ് ബി. ബിരുദധാരികളുടെ ഉദ്യോഗ സാദ്ധ്യതകളെക്കുറിച്ച് ആരായാൻ കേരള സർക്കാർ നിയമിച്ച കമ്മീഷൻെറ ശുപാർശയനുസരിച്ച് വിവിധ സഹകരണ സംഘങ്ങളുടെ പ്രതിനിധികളുമായി ചർച്ച പൂർത്തിയാക്കിയിട്ടുണ്ട്.

വിദഗ്ധ സമിതി തന്നെ മാററം വരുത്തിയിട്ടുള്ള ഈ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 1.45 ലക്ഷം രൂപ ബജററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ താമസ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി 3 ലക്ഷം രൂപയും ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്

### *ഫോറസ്ട്രി കോളേജ്, വെള്ളാനിക്കര*

നടപ്പു അദ്ധ്യയന വർഷത്തിൽ ഡിഗ്രി കോഴ്സിന് 10 വിദ്യാർത്ഥികളും ബിരുദാനന്തര കോഴ്സിന് 2 വിദ്യാർത്ഥികളും പഠനം തുടരുന്നുണ്ട്. 2 വിദ്യാർത്ഥികൾ ബിരുദാനന്തര ബിരുദപഠനം പൂർത്തിയാക്കി. കോളേജിലെ ആദ്യബാച്ചിലെ ബിരുദ വിദ്യാർത്ഥികൾ ആഗസ്ററ് മാസത്തിൽ കോഴ്സ് പൂർത്തിയാക്കുന്നതാണ്. കോളേജിൻെറ പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി ഒരു മിനി ബസ് ഇക്കൊല്ലം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടു വരുന്നു. കോളേജിൻെറ ആവശ്യത്തിനായി ടെലിഫോൺ സൗകര്യം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു.

### *വെററിനറി കോളേജ്, മണ്ണുത്തി*

നടപ്പുവർഷം 697 ബിരുദ വിദ്യാർത്ഥികളും, 51 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും പഠനം നടത്തിവരുന്നു, ഇക്കൊല്ലം 48 വിദ്യാർത്ഥികൾ ബി. വി.എസ്സി ആൻറ് എ എച്ച് കോഴ്സും, 6 പേർ എം. വി.എസ്സി കോഴ്സും, ഒരു വിദ്യാർത്ഥി പി. എച്ച് ഡി കോഴ്സും വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. സീററു വർദ്ധിപ്പിച്ചതുമൂലം വേണ്ടത്ര ലക്ചർ ഹോളുകളും, സെമിനാർ ഹാളുകളും പണിയാൻ ബഡ്ജററിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ലൈബ്രറി വികസനത്തിന് കൂടുതൽ സ്ഥലവും, നവീന ഗ്രന്ഥശേഖ

രവും സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്നു. വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്. ഇൻസ്ട്രക്ഷനൽ ഫാമുകൾ വിപുലീകരിച്ചു ലാഭകരമായി വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം അദ്ധ്യാപന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും ഉദ്ദേശമുണ്ട്.

*കാർഷിക എഞ്ചിനീയറിംഗ് കോളേജ്, തവനൂർ*

1985-ൽ ആരംഭിച്ച ബി. ടെക് ഡിഗ്രി കോഴ്സിൽ 29 വിദ്യാർത്ഥികൾ 1990 ഫെബ്രുവരിയിൽ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. 6 പേർ അഗ്രികൾച്ചർ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദ പഠനവും പൂർത്തിയാക്കിയിട്ടുണ്ട്. മാസ്ററർ പ്ളാൻ അനുസരിച്ച് കാമ്പസിൽ തുടങ്ങിയ മരാമത്തു പണികൾ സാമ്പത്തികമായ കാരണങ്ങളാൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അഗ്രി. എഞ്ചിനിയറിംഗ് വർക്ക്ഷോപ്പുകളുടെ നിർമ്മാണത്തിനും, മററു പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, വേണ്ടി പ്രാരംഭ ചിലവുകൾക്കായി 9.50 ലക്ഷം രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ലാബറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിന് 8 ലക്ഷം രൂപ, ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് 2 ലക്ഷം രൂപ, ഫർണിച്ചറിന് 2.5 ലക്ഷം രൂപ എന്നിവയും ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഗവേഷണം

കാർഷിക സർവകലാശാലയുടെ കീഴിലുള്ള 23 ഗവേഷണ കേന്ദ്രങ്ങളിൽ കൃഷി, മൃഗസംരക്ഷണം, മൽസ്യകൃഷി എന്നീ രംഗങ്ങളിൽ ഗവേഷണങ്ങൾ പ്രധാനമായും നടന്നു വരുന്നു. ഇതിനു പുറമെ കോളേജുകളിലെ വിവിധ ഡിപ്പാർട്ടുമെൻറുകൾ, ഇൻസ്ട്രക്ഷനൽ ഫാമുകൾ, കരുമാടിയിലും, ഒഴലപ്പതിയിലും ഉള്ള കർഷകരുടെ പാടങ്ങൾ എന്നിവിടങ്ങളിലും സർവകലാശാല ഗവേഷണങ്ങൾ ഏററെടുത്ത് നടത്തി വരുന്നു.

പ്രാദേശിക അടിസ്ഥാനത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഗവേഷണ കേന്ദ്രങ്ങളെ പ്രാപ്തമാക്കാനും, ഗവേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ള കാർഷിക സർവകലാശാലയിലെ പ്രധാന ഗവേഷണ പദ്ധതിയായ എൻ. എ. ആർ. പി. രണ്ടാം ഘട്ടം ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിൻെറയും, ലോക ബാങ്കിൻെറയും ധനസഹായത്തോടെ നടന്നു വരുന്നു. 1988 ഏപ്രിൽ മാസം പ്രവർത്തനം ആരംഭിച്ച ഈ പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിച്ചു വരുന്നു. നാലു വർഷത്തേക്ക് മൊത്തം അനുവദിച്ച 257 ലക്ഷം രൂപയിൽ 87 ലക്ഷം രുപ 31.12.89 വരെ ചിലവാക്കി. കേരളത്തിലെ അഞ്ചു കാർഷിക മേഖലകളെക്കുറിച്ച് സമഗ്രമായി തയ്യാറാക്കിയിട്ടുള്ള എൻ. എ. ആർ. പി. സ്ററാററസ് റിപ്പോർട്ടുകളിൽ നാലെണ്ണം ഇതിനകം പ്രസിദ്ധീകരിച്ചു കഴിഞ്ഞു, അഞ്ചാമത്തേത് തയ്യാറാക്കി വരുന്നു, ഈ പ്രസിദ്ധീകരണങ്ങൾ ഐ. സി. എ. ആറിൻെറ പ്രശംസയ്ക്ക് പാത്രീഭവിക്കുകയും, മററു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള വിവരം അറിയിയ്ക്കുവാൻ എനിക്ക് സന്തോഷമുണ്ട്.

ദേശീയ കാർഷിക പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന്നായി ലോക ബാങ്കിന്റെയും, ഐ. സി. എ. ആറിന്റെയും ഒരു സംയുക്ത വിദഗ്ധ കമ്മിററി റിപ്പോർട്ട് വർഷത്തിൽ ഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കുകയും, പദ്ധതികളുടെ പുരോഗതിയിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ചില മേഖലകളിൽ കേരളത്തിലെ പുരോഗതി ഭാരതത്തിലെ മററു പല ഭാഗങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിൽ നടുക്ക് അഭിമാനിയ്ക്കാം.

പുറമെ നിന്നുള്ള ധനസഹായത്തോടെ ഗവേഷണ കേന്ദ്രങ്ങളിലും, കോളേജുകളിലും പ്രവർത്തിച്ചു വരുന്ന മററു പദ്ധതികളാണ് ചുവടെ കാണിച്ചിരിയ്ക്കുന്നത്.

| | | |
|---|---|---|
| ഏകോപിത ഗവേഷണ പദ്ധതികൾ (ഐ. സി. എ. ആർ) | : | 27 |
| ഓപ്പറേഷനൽ റിസർച്ച് പ്രോജക്ട്സ് (ഐ. സി. എ. ആർ) | : | 2 |
| സെസ് ഫണ്ട് പ്രോജക്ട്സ് (ഐ. സി. എ. ആർ) | : | 11 |
| മററുള്ളവ (ഡി. എസ്. ടി.), ഡി. ഒ. ഇലക്ട്രോണിക്സ് മുതലായവ | : | 5 |
| ആകെ | | 45 |

ഇവയിൽ നടപ്പു വർഷം അംഗീകാരം ലഭിച്ച ~~38.2~~ 12.08 ലക്ഷം രൂപ അടങ്കലുള്ള തെങ്ങുകൃഷിയിൽ അന്തരീക്ഷാവസ്ഥക്കുള്ള സ്വാധീനത്തെക്കുറിച്ച് പഠനം നടത്തുവാനുള്ള പദ്ധതിയും 6 ലക്ഷം രൂപ ധനസഹായം ലഭിക്കുന്ന ജല പരിപാലന പഠന പദ്ധതിയുമടക്കം മൊത്തം 67 ലക്ഷം രൂപ അടങ്കൽ വരുന്ന ഏഴു പദ്ധതികൾ ഉൾപ്പെടുന്നു.

സർവകലാശാലയുടെ സാമ്പത്തിക ഞെരുക്കം ലഘൂകരിക്കുന്നതിന്നുവേണ്ടി കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് വിവിധ ധനസഹായ ഏജൻസികൾക്ക് അയച്ചുകൊടുക്കുന്നതിന്ന് നടപ്പുവർഷം തീവ്രശ്രമം നടത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി കൃഷി, മൃഗ സംരക്ഷണം, മൽസ്യകൃഷി, വനശാസ്ത്രം, കാർഷിക എഞ്ചിനീയറിംഗ് എന്നീ രംഗങ്ങളിലായി അടുത്ത പദ്ധതി കാലത്തേയ്ക്ക് ഐ. സി. എ. ആറിന്നും മററു ഏജൻസികൾക്കുമായി 109 പദ്ധതി നിർദ്ദേശങ്ങൾ അംഗീകാരത്തിന്നായി 31.12.89 വരെ സമർപ്പിയ്ക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ അടങ്കൽ തുക 24.37 കോടി രൂപയാണ്.

സർവകലാശാലയുടെ സാമ്പത്തിക പരിമിതി കണക്കിലെടുത്ത് കൂടുതൽ പ്രാധാന്യമുള്ള ഗവേഷണമേഖലകൾ സംയോജിപ്പിച്ച് സമഗ്രമായ ഒരു പുന:സംഘടന നടപ്പാക്കി വരുന്നു.

നടപ്പുവർഷം നടത്തപ്പെട്ട ഗവേഷണങ്ങളിൽനിന്ന് ലഭിച്ചിട്ടുള്ള പ്രധാന നേട്ടങ്ങൾ ചുരുക്കത്തിൽ പ്രതിപാദിച്ചുകൊള്ളട്ടെ.

യൂണിവേഴ്സിററിയുടെ വിവിധ കേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുത്ത് താഴെ കാണിച്ചിരിയ്ക്കുന്ന മെച്ചപ്പെട്ട വിളയിനങ്ങൾ യൂണിവേഴ്സിററി ഇവാലുവേഷൻ കമ്മിററി സംസ്ഥാന വെറൈററി റിലീസ് കമ്മിററിയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

### *ചുവന്ന ത്രിവേണി (പി. ററി. ബി-45)*

പട്ടാമ്പി നെൽ ഗവേഷണ കേന്ദ്രത്തിൽനിന്ന് മുൻപ് വികസിപ്പിച്ചെടുത്ത് വെളുത്ത അരിയോടുകൂടിയ 'ത്രിവേണി' എന്ന ഇനത്തിൽ നിന്നും ഉരുത്തിരിച്ചെടുത്ത 'ചുവന്ന ത്രിവേണി' എന്നയിനത്തിന് കർഷകർക്കിടയിൽ വളരെ പ്രചാരം ലഭിച്ചിട്ടുണ്ട്. ഹെക്ടറിന് ഏഴു ടൺ വരെ വിളവു ലഭിയ്ക്കുന്ന ഇത് കേരളത്തിലേയ്ക്ക് മൊത്തത്തിൽ ശുപാർശ ചെയ്തു കഴിഞ്ഞു. ബ്രൌൺഹോപ്പറിന്റെ ആക്രമണത്തെ ഒരു പരിധിവരെ എതിർത്തു നിൽക്കുന്നതിന് ഇതിനു കഴിവുണ്ട്.

### *കൾച്ചർ-1727 (പി. ററി. ബി. 46)*

പട്ടാമ്പിയിൽ വികസിപ്പിച്ചെടുത്ത ഈ കൾച്ചർ അന്താരാഷ്ട്രതലത്തിൽ മാനിലയിലെ പ്രശസ്ത ഇനമായ ഐ. ആർ. 36നേക്കാൾ കൂടുതൽ വിളവ് പല ഭാഗങ്ങളിലും നൽകുന്നതായി കണ്ടിരിയ്ക്കുന്നു. രോഗ—കീട പ്രതിരോധ ശക്തിയുള്ള ഈ ഇനം കേരളത്തിന്റെ വടക്കൻ ജില്ലകളിലേയ്ക്ക് ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്.

### *കൾചർ ബി. ആർ. 51-315-4 (പി. ററി. ബി. 47)*

പൂന്തൽ പാടം മുതലായ നീർവാഴചയില്ലാത്ത പാടങ്ങളിലേക്ക് യോജിച്ച ഒരിനമാണ് പട്ടാമ്പി കേന്ദ്രം വികസിപ്പിച്ചെടുത്ത ഈ കൾച്ചർ. കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ജലനിർഗമനം കുറവുള്ളതും വെള്ളക്കെട്ടുള്ളതുമായ പ്രദേശങ്ങൾക്ക് ഈ നെൽവിത്ത് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നു.

### *കൾച്ചർ 153-1*

മങ്കൊമ്പ് ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത അധികോൽപാദന ശേഷിയുള്ള ഈ കൾച്ചർ ഇടത്തരം ബ്രൌൺഹോപറിന്റെ ആക്രമണത്തെ ചെറുത്ത് നിൽക്കുവാൻ കഴിവുള്ളതും ഹെക്ടറിന് ശരാശരി അഞ്ചര ടൺ വിളവ് നൽകുന്നതുമാണ്. ഈ ഇനം നെല്ലിന്റെ മൂപ്പ് 120 മുതൽ 125 ദിവസം വരെയാണ്. കേരളത്തിലെ എല്ലാ പ്രദേശങ്ങളിലേക്കും പൊതുവെ യോജിച്ച ഒരിനമായി ഇത് ശുപാർശ ചെയ്യപെട്ടിട്ടുണ്ട്.

ഇവക്ക്പുറമെ സി. ഒ. 25 വെള്ളരി തുടങ്ങിയ മൂപ്പ് കൂടിയ ഇനങ്ങൾ കൃഷിചെയ്യുന്ന പ്രദേശങ്ങൾക്ക് അനുയോജ്യമായ കൾച്ചർ 871, വളരെ മൂപ്പ് കുറഞ്ഞ കൾച്ചർ 24/20, വയനാടൻ പ്രദേശങ്ങൾക്ക് പററിയ ഇടവക എന്നിവയും പരീക്ഷണത്തിന്റെ അവസാന ഘട്ടത്തിലാണ്.

മുൻവർഷങ്ങളിൽ മെച്ചപ്പെട്ടതായി കണ്ട ലക്ഷഗംഗ എന്ന തെങ്ങിനത്തിന് പുറമെ അനന്തഗംഗ, കേരഗംഗ എന്നീ സങ്കരയിനങ്ങളും കേരളത്തിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഈ സങ്കരയിനങ്ങൾ ശരാശരി തെങ്ങൊന്നിന് 1000 ത്തിലധികം നാളികേരം നൽകുന്നവയാണ്. ഈ സങ്കരയിനം തൈകളുടെ ഉദ്പാദനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

പച്ചക്കറി വിളകളിൽ നടത്തിയ പരീക്ഷണ ഫലമായി എ. ഇ-1 എന്ന വെണ്ടയിനം കേരളത്തിന്റെ ദക്ഷിണ മേഖലയിലേക്ക് യോജിച്ചതായി കണ്ടു.

കാബേജിൽ ''പൂസാ ഡ്രംഹെഡ്'' എന്നയിനവും, കോളിഫ്ളവറിൽ ''പൂസാദീപ്തി'' എന്നയിനവും വയനാടൻ കാലാവസ്ഥക്ക് യോജിച്ചതായി തെളിഞ്ഞിട്ടുണ്ട്.

ഹോർട്ടിക്കൾച്ചർ കോളേജിൽ വികസിപ്പിച്ചെടുത്ത 'അമ്പിളി' എന്ന മത്തൻ ഇനം ദക്ഷിണേന്ത്യയിൽ കൃഷിചെയ്യാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്.

പച്ചക്കറികളുടെ വർഗശുദ്ധിയുള്ള വിത്ത് (ബ്രീഡർ സീഡ്) ഉല്പാദിപ്പിക്കുവാനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ രണ്ടര ലക്ഷം രൂപ മുടക്കി കണ്ണാറ, മണ്ണുത്തി, വെള്ളാനിക്കര എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ തിരുവല്ല മണ്ണുത്തി, മാടക്കത്തറ, പിലിക്കോട് എന്നിവിടങ്ങളിലും വിത്തുൽപ്പാദന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്.

കുരുമുളക് വർഷമായി ആചരിക്കപ്പെട്ട 1989ൽ ചുവടെപ്പറയുന്ന മൂന്ന് കുരുമുളക് ഇനങ്ങൾ ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്.

### *കൾച്ചർ—141 (പന്നിയൂർ-2)*

ബാലൻകോട്ട എന്ന ഇനത്തിൽനിന്നും ഓപ്പൺ പോളിനേഷൻ വഴി ഉരുത്തിരിച്ചെടുത്തതാണ് ഈ ഇനം.

### *കൾച്ചർ—331 (പന്നിയൂർ-3)*

ഉതിരൻകോട്ട, ചെറിയ കണിയക്കാടൻ എന്നീ രണ്ടിനങ്ങൾ തമ്മിൽ സങ്കലനം നടത്തി എടുത്ത ഇനമാണിത്.

ഈ രണ്ടിനങ്ങളും കോയമ്പത്തൂരിൽ കൂടിയ സുഗന്ധ ശില്പശാലയിൽ ദേശിയതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

### *കുതിരവാലി സെലക്ഷൻ (പന്നിയൂർ-4)*

മദ്ധ്യതിരുവിതാംകൂർ ഇനമായ കുതിരവാലിയിൽനിന്ന് ഉരുത്തിരിച്ചെടുത്തതാണിത്.

പന്നിയൂർ—1 എന്ന ഇനത്തിന്ശേഷം ആഗോളാടിസ്ഥാനത്തിൽ ഉരുത്തിരിച്ചെടുത്ത ഇനങ്ങളാണ് മേൽപറയപ്പെട്ടവ.

പെരുങ്കൊടിയിൽനിന്നും ഓപ്പൺ പോളിനേഷൻ വഴി ഉത്പാദിപ്പിച്ച കൾച്ചർ—239 എന്നയിനം പരീക്ണത്തിന്റെ അവസാനഘട്ടത്തിലാണ്. കുരുമുളകിന്റെ വിവിധ വന്യഇനങ്ങൾ ശേഖരിച്ച് പ്രജനനത്തിനുള്ള പരിപാടികളും നടന്നുവരുന്നു.

ചെഞ്ചീയൽ (റെഡ്റോട്ട്) പ്രതിരോധശക്തിയുള്ള കൾച്ചർ 750/83 എന്ന കരിമ്പിനം കേരളത്തിലേക്ക് യോജിച്ചതാണെന്ന് തെളിഞ്ഞിട്ടുണ്ട്. 'മാധുരി'

എന്ന പേരിൽ ഇത് ഒരിനമായി ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ വിളവുൽപ്പാദനശേഷി കൂടിയ മററു നാല് കൾച്ചറുകൾ കൂടി പരീക്ഷണത്തിന്റെ അവസാന ഘട്ടത്തിൽ എത്തിയിട്ടുണ്ട്.

കൊക്കോ, കശുമാവ്, ജാതി വാഴ, പ്ലാവ് ഇവയിൽ ടിഷ്യൂകൾച്ചർ പ്രവർത്തനരീതി ഫലവത്താക്കാനുള്ള ശ്രമങ്ങൾ ആശാവാഹമായ പുരോഗതി നേടിയിട്ടുണ്ട്.

വിളപരിപാലനരംഗത്ത് നടത്തിയ പരീക്ഷണങ്ങളിൽനിന്നും പെൻഡിമെത്താലിൻ എന്ന കളനാശിനി കരകൃഷിയിൽ കളനിയന്ത്രണം കാര്യക്ഷമമാക്കാമെന്ന് തെളിയിച്ചിട്ടുണ്ട്. നെല്ലിനെ ബാധിക്കുന്ന ഇലചുരുട്ടിപ്പുഴുവിന്റെ ആക്രമണത്തെ പടാൻ 4-ജി എന്ന കീടനാശിനി പ്രയോഗത്താൽ ഫലപ്രദമായി നിയന്ത്രിക്കാനാവുന്നതാണ്.

കശുമാവിൽ സർവകലാശാല വികസിപ്പിച്ചെടുത്ത ''സോഫ്ററ് വുഡ് ഗ്രാഫ്ററിംഗ്'' എന്ന രീതി ഉപയോഗിച്ച് മെച്ചപ്പെട്ട നടീൽ വസ്തുക്കൾ ധാരാളമായി ഉദ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

പാലക്കാട് ജില്ലയിൽ നടത്തിയ സർവേയിൽനിന്നും ചിററൂർ, കൊഴിഞ്ഞാമ്പാറ പ്രദേശങ്ങളിൽ പട്ടുനൂൽപ്പുഴു കൃഷിക്ക് കൂടുതൽ സാധ്യതയുള്ളതായി തെളിഞ്ഞിട്ടുണ്ട്.

സർവകലാശാലാ ഫാമുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ജലസേചനം, അതിർത്തി സംരക്ഷണം എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

തൊഴിലാളികൾക്ക് വിശ്രമ സങ്കേതങ്ങൾ ഇല്ലാത്ത കേന്ദ്രങ്ങളിൽ അവ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി നാല് ലക്ഷം രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്.

വെള്ളാനിക്കരയിൽ ഒരു കേന്ദ്ര നഴ്സറി ആരംഭിച്ചത് കൂടുതൽ പ്രവർത്തനക്ഷമമാക്കി. കുമരകത്ത് അഞ്ചുഹെക്ടർ സ്ഥലം വിത്തുൽപ്പാദനത്തിനുപയുക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ള പദ്ധതികൾ തുടർന്നു നടത്തുന്നതിന് പുറമേ അടുത്ത സാമ്പത്തിക വർഷം നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്ന പ്രധാന ഗവേഷണ പദ്ധതികൾ താഴെ പറയുന്നു.

1 വിള-കന്നുകാലി-മൽസ്യ സംയോജിത കൃഷി സമ്പ്രദായം (കുമരകം-വൈററില)

2 പ്രശ്നമണ്ണുകളുടെ പരിപാലനം (കുമരകം)

3 തുംഗ്രു വൈറസ് രോഗത്തെക്കുറിച്ച് ഗവേഷണം (മങ്കൊമ്പ്)

4 രോഗ-കീട പ്രതിരോധ ശക്തിയുള്ള നെല്ലിനങ്ങളുടെ പ്രജനനം (മങ്കൊമ്പ്)

5 പച്ചക്കറി ഗവേഷണം (വെള്ളാനിക്കര, തിരുവല്ല, അമ്പലവയൽ)

6 രണ്ടാംവിളയ്ക്കുള്ള മേൽത്തരം നെല്ലിനങ്ങളുടെ പ്രജനനം (പട്ടാമ്പി, കായംകുളം)

7 വീട്ടുവളപ്പ് കൃഷി (കൊട്ടാരക്കര)

8 കയററുമതി പച്ചക്കറി-പുഷ്പ ഗവേഷണം (വെള്ളായണി, വെള്ളാനിക്കര)

9 കുരുമുളക് ഗവേഷണം (അമ്പലവയൽ, പന്നിയൂർ)

10 വന്യകുരുമുളകിനങ്ങളുടെ സംഭരണം, പരിപാലനം, പ്രജനനത്തിന് ഉപയോഗപ്പെടുത്തൽ (അമ്പലവയൽ)

11 ബയോടെക്നോളജി, പോസ്ററ് ഹാർവെസ്ററ് ടെക്നോളജി (വെള്ളായണി, വെള്ളാനിക്കര)

തെങ്ങ് കർഷകരെ ഏററവുമധികം വിഷമവൃത്തത്തിലാക്കിയിട്ടുള്ള കാററുവീഴ്ച ബാധിച്ച തെങ്ങുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ തുടരുന്നതാണ്.

വിളവെടുപ്പിന് ശേഷം പാഴാക്കിക്കളയുന്ന വാഴയുടെ ഭാഗങ്ങൾ പ്രയോജനപ്പെടുത്തി കടലാസ്, ബോർഡ് എന്നിവ ഉദ്പാദിപ്പിക്കുവാനുള്ള ഒരു കേന്ദ്രം കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ വരുംകൊല്ലം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഫലവർഗ്ഗങ്ങൾ സംസ്ക്കരിച്ച്, സ്ക്വാഷ്, ജാം, ജെല്ലി എന്നിവ ഉല്പാദിപ്പിക്കുവാനുള്ള മറെറാരു യൂണിററ് അമ്പലവയലിലെ പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രത്തിൽ സ്ഥാപിക്കാനും പരിപാടിയുണ്ട്.

## മൃഗസംരക്ഷണ രംഗം

ഗവേഷണ രംഗത്ത് വെററിനറി അനിമൽ സയൻസ് വിഭാഗം പല നേട്ടങ്ങളും സംഭാവന ചെയ്യുകയും, നൂതനമായ പല കാൽവയ്പ്പുകൾ നടത്തുകയും ചെയ്തു. പക്ഷിമൃഗാദികളുടെ വർഗ്ഗോദ്ധാരണ രംഗത്തും ജനിതിക ഗവേഷണ രംഗത്തും ഊർജ്ജിത ഗവേഷണ പരിപാടികൾ തുടർന്നു കൊണ്ടിരിക്കേ തന്നെ ശ്ളാഘനീയമായ ഒട്ടേറെ നേട്ടങ്ങൾ കൊയ്തെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കന്നുകാലികളിൽ കണ്ടുവരുന്ന ചില ഉല്പാദന വൈകല്യങ്ങൾ അവയിലെ കുറഞ്ഞ തോതിലുള്ള തൈറോക്സിൻെറ തോതുമായി ബന്ധപ്പെട്ടിരിക്കുന്നതായി വ്യക്തമായിട്ടുണ്ട്. മരച്ചീനിപ്പൊടിയും, റബർ പിണ്ണാക്കും (20 ശതമാനം) ചേർന്ന കാലിത്തീററ കന്നുകാലികളിൽ തൊണ്ടവീക്ക (ഗോയിററോജനിക്)ത്തിന് കാരണമാകുമെന്നും ഉൽപാദനക്ഷമത കുറയുമെന്നും കണ്ടിരിക്കുന്നു.

ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രയോജനപ്രദമാകുംവിധം സങ്കരയിനം ആടുകളുടെ ഉൽപാദന നിലവാരത്തെക്കുറിച്ചും, ഉൽപാദന

സ്ഥിതിയെക്കുറിച്ചും വിവിധ പഠന നിരീക്ഷണങ്ങൾ നടത്തുകയുണ്ടായി. സർവകലാശാലയുടെ ഗവേഷണ ഫലമായി ഉരുത്തിരിച്ച മുട്ടക്കോഴികൾ ഉൽപാദന ക്ഷമതയിൽ ദേശീയ തലത്തിൽ അംഗീകാരം നേടുകയും, കർഷകർക്ക് വിതരണം ചെയ്യാൻ ഐ. സി. എ ആറിന്റെ അനുമതി ലഭിക്കുകയും ചെയ്തു. കോഴി വളർത്തലിൽ പ്രജനനത്തിലും, തീററക്രമങ്ങൾക്കും, പരിപാലന തത്വങ്ങൾക്കും ഊന്നൽ നൽകി നവീന ഗവേഷണ പരിപാടികൾക്കും രൂപം നൽകിയിട്ടുണ്ട്.

ജനിതിക ഗവേഷണ രംഗത്ത് പ്രോജനി ടെസ്ററിംഗും, രക്തഗ്രൂപ്പ് മാർക്കർ പഠനവും പുരോഗമിച്ചു വരുന്നു. പരിസ്ഥിതി വകുപ്പിന്റെ പൂർണ്ണ സഹായ സഹകരണത്തോടെ ഈ രംഗത്ത് മറെറാരു ശ്രദ്ധേയ പഠനത്തിനും തുടക്കം കുറിച്ചിട്ടുണ്ട്. ഭാരതത്തിൽ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്ന പോത്തുകളുടെ ജനിതിക ഘടനയെക്കുറിച്ചൊരു പഠനം ആദ്യമായി ഇവിടെ ആരംഭിച്ചു കഴിഞ്ഞു.

കേരളത്തിലെ ഏററവും ചെറിയ ഇനം എന്ന് വിശേഷിപ്പിക്കാവുന്ന 'വെച്ചൂർ' പശുക്കളുടെ വംശം നിലനിർത്തുന്നതിനുള്ള ഒരു പദ്ധതിയും ഏറെറടുത്ത് നടപ്പാക്കി വരുന്നു.

ക്ഷീരോൽപ്പാദന രംഗത്ത് ഒരു സുപ്രധാന കണ്ണിയായ എരുമകളുടെ ഉന്നമനത്തിനായുള്ള വിവിധ ഗവേഷണ സംരംഭങ്ങൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. നാഷണൽ ഡയറി ഡവലപ്പ്മെൻറ് ബോർഡ് വാഗ്ദാനം നൽകിയിട്ടുള്ള പദ്ധതി പ്രകാരം തുമ്പൂർമുഴി ഫാമിൽ ഒരു ബഫല്ലോ റിസർച്ച് സ്റേറഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ശാസ്ത്രീയമായും, ലാഭകരമായും മാംസാവശ്യത്തിനുള്ള പന്നികളേയും, മുയലുകളേയും വളർത്തുവാനുള്ള മാർഗ്ഗങ്ങൾ വിവിധ ഗവേഷണങ്ങളിലൂടെ ആവിഷ്ക്കരിക്കുവാൻ കഴിഞ്ഞു.

ഉപയോഗശൂന്യമായ സമുദ്രോൽപ്പന്നങ്ങളെ മൃഗങ്ങൾക്ക് സമ്പുഷ്ടമായ തീററയാക്കി മാററാനുള്ള ഒരു പദ്ധതിക്ക് യു. എസ്. ധനസഹായം ലഭിക്കുകയും, പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പലയിനം ഇലകളും. കളകളും എങ്ങിനെ ഗുണമുള്ള തീററയാക്കി രൂപാന്തരപ്പെടുത്തുവാൻ കഴിയും എന്ന പഠനങ്ങളും പുരോഗമിച്ചു വരുന്നു.

രോഗപ്രതിരോധ രംഗത്ത് സർവകലാശാലക്കുള്ള അദ്വതീയ സ്ഥാനം ഇന്നും തുടരുകയാണ്. തന്മാത്രാ തലത്തിൽ നടത്തുന്ന പഠനങ്ങൾ കാൻസർ ഗവേഷണ രംഗത്ത് എടുത്തു പറയത്തക്ക നേട്ടമാണ്. ഡി. എൻ. എ. സാങ്കേതമുപയോഗിച്ച് 'എത്മോയിഡ്' കാൻസറിൽ നിന്നും ബി. എച്ച്. വി–4 എന്ന വൈറസിനെ കണ്ടുപിടിച്ചത് ഇലക്ട്രോൺ മൈക്രോസ്ക്കോപ്പ് ഉപയോഗപ്പെടുത്തി രോഗകാരികളുടെ സൂക്ഷ്മ പ്രവർത്തനത്തെക്കുറിച്ച് വിശദമായ പഠനം നടത്തി വരികയാണ്. ഐ. സി. ഏ. ആറിന്റെ സഹകരണത്തോടെ മൈക്രോ

ട്ടോക്സിൻസിനെക്കുറിച്ച് പഠനം നടത്തി വരുന്നു. അടുത്ത പദ്ധതി ഘട്ടത്തിൽ ഒരു നാഷണൽ കോ–ഓർഡിനേഷൻ യൂണിററ് ഐ. സി. ഏ. ആറിൻെറ സഹകരണത്തോടെ ഇവിടെ സ്ഥാപിക്കുന്നതാണ്.

ദേശീയ–അന്തർദേശീയ ശ്രദ്ധ പിടിച്ചുപററിയ മറെറാരു ഗവേഷണ രംഗമാണ് ആനകളെക്കുറിച്ച് നാം നടത്തുന്ന പഠനങ്ങൾ. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് ആന ഗവേഷണത്തിനുള്ള വിദഗ്ധോപദേശങ്ങളും മററു സഹായങ്ങളും തേടി സർവകലാശാലയെ സമീപിക്കുന്നവർ നിരവധിയാണ്. ഐ. സി. എ. ആറിൻെറ സഹായത്തോടേ ഫിസിയോളജിയിൽ രണ്ടു ഗവേഷണ പദ്ധതികൾക്ക് ഈ രംഗത്ത് അംഗീകാരം സിദ്ധിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൻെറ അനുമതി ലഭിക്കുന്ന മുറയ്ക്ക് യു. എസ്. സഹായത്തോടെ മറെറാരു പദ്ധതിയും പ്രാവർത്തികമാകുന്നതാണ്.

വരും വർഷങ്ങളിലും നിരവധി ഗവേഷണ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നു. അന്തരീക്ഷ മലിനീകരണം നമ്മുടെ മൃഗസമ്പത്തിൻെറ ആരോഗ്യത്തിലുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ, നമുക്ക് യോജിച്ച ക്ഷീരോൽപ്പന്നങ്ങളും, മാംസോൽപ്പന്നങ്ങളും, രൂപപ്പെടുത്തുന്ന പദ്ധതികൾ, മെററബോളിക് രോഗത്തെക്കുറിച്ചുള്ള വിശദ പഠനങ്ങൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

കായൽ കൊഞ്ചിനത്തിൻെറ കുഞ്ഞുങ്ങളേയു, മുട്ടകളേയും ബാധിക്കുന്ന കേടുകൾക്ക് കാരണമായ ബാക്ടീരിയയെ തിരിച്ചറിഞ്ഞിട്ടുണ്ട്. കായൽ കൊഞ്ചിൻെറ കുഞ്ഞുങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ വിരിയിപ്പിച്ച് വളർത്തിയെടുക്കുന്നതിൽ അസൂയാവഹമായ നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കായൽ കൊഞ്ചിൻെറ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും അതിൻെറ ശാസ്ത്രീയ കൃഷിരീതി വികസിപ്പിച്ചെടുക്കുന്നതിനും ഗവേഷണത്തിനുമായി 4 ലക്ഷത്തോളം രൂപ ചിലവഴിച്ചിട്ടുണ്ട്. അക്വേറിയം മൽസ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനത്തിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. പൊക്കാളി നിലങ്ങളിൽ നെല്ലിനോടൊപ്പം ശുദ്ധജല മൽസ്യങ്ങളും അതിനുശേഷം ചെമ്മീൻ കൃഷിചെയ്യുന്നതും വളരെ ആദായകരമാണെന്ന് കാണുകയുണ്ടായി.

ഇൻഡോ–ഡച്ച് സഹകരണ പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ വേമ്പനാട്ടുകായലിലെ മൽസ്യസമ്പത്തിനെക്കുറിച്ചുള്ള പഠനത്തിൽ തണ്ണീർമുക്കം ബണ്ടുമൂലം മൽസ്യസമ്പത്തിൽ കുറവ് വന്നിരിക്കുന്നതായി കാണുവാൻ കഴിഞ്ഞു.

കായൽകൊഞ്ചിൻെറ വിത്തുൽപ്പാദനത്തിലും, കൃഷിയിലും, രോഗപ്രതിരോധത്തിലും തൽസംബന്ധമായ ഗവേഷണത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്.

# വിജ്ഞാനവ്യാപനം

സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും വികസന പ്രവർത്തകർക്കും ആവശ്യമായ സാങ്കേതിക വിജ്ഞാന പിൻതുണ നൽകുകയും ഗവേഷണ ശാലകളിൽ ഉരുത്തിരിയുന്ന നൂതനമായ ശാസ്ത്ര വിജ്ഞാനം കർഷകരിലേക്ക് എത്തിക്കുകയുമാണ് ഈ വിഭാഗത്തിന്റെ മുഖ്യലക്ഷ്യം.

സാമ്പത്തിക പരിമിതികൾ മൂലം നടപ്പുവർഷത്തിലെ ബഡ്ജററിൽ വിഭാവനം ചെയ്തിരുന്ന എല്ലാ പരിപാടികളും പൂർണ്ണമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

വിവിധ വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ, വിവിധ സംസ്ഥാനങ്ങളിലെ കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാർ, സർവകലാശാലയിലെ ശാസ്ത്രജ്ഞർ, സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ എന്നിവർക്ക് നവീന കാർഷിക സാങ്കേതിക വിദ്യകളിൽ 23 പരിശീലന പരിപാടികൾ ഈ വർഷം സംഘടിപ്പിക്കുകയുണ്ടായി.

പട്ടാമ്പി, അമ്പലവയൽ, മഞ്ചേശ്വരം എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രങ്ങൾ നടപ്പുവർഷം 72 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ആദിവാസികളടക്കം 2506 പേരാണ് ഈ പരിശീലന പരിപാടികളിൽ പങ്കെടുത്തത്. പട്ടാമ്പികൃഷി വിജ്ഞാന കേന്ദ്രത്തിനോടനുബന്ധിച്ചുള്ള സാമൂഹ്യ ഭക്ഷ്യ സംസ്ക്കരണ കേന്ദ്രം പ്രാദേശികമായി ലഭിക്കുന്ന ഫലവർഗ്ഗങ്ങളും പച്ചക്കറികളുപയോഗിച്ച് ജാം, സ്ക്വാഷ്, അച്ചാർ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു.

നിലമ്പൂരിൽ പ്രവർത്തിക്കുന്ന പട്ടിക ജാതി പ്രാദേശിക ഗവേഷണ കേന്ദ്രം പട്ടിക ജാതിക്കാരായ ഗുണഭോക്താക്കൾക്ക് വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. അമ്പൂരിയിൽ ഗിരിവർഗ്ഗക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള പുതിയ കൃഷി പരിപാടികൾ നടപ്പുവർഷവും തുടർന്നു.

ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കരീതിയിൽ തോട്ടവിളകളെക്കുറിച്ചുള്ള ഉന്നത പരിശീലന കേന്ദ്രം വെള്ളാനിക്കരയിൽ സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. ലോക ബാങ്കിൽ നിന്ന് 32 ലക്ഷത്തോളം രൂപ സഹായ ധനം ലഭിക്കുന്ന ഈ പരിശീലന കേന്ദ്രം തോട്ടവിളകളിൽ ഒരു ദേശീയ പരിശീലന കേന്ദ്രമായി പ്രവർത്തിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

കമ്മ്യൂണിക്കേഷൻ സെൻററിൽ സ്ഥാപിച്ചിട്ടുള്ള കളർ ലാബിൽ ഇതാദ്യമായി 50''x40'' വലിപ്പമുള്ള കളർ ബ്ളോ-അപ്പ് ചിത്രങ്ങൾ തയ്യാറാക്കാൻ കഴിഞ്ഞു. കർഷകർക്കും വിജ്ഞാന വ്യാപന പ്രവർത്തകർക്കും വേണ്ടി നടപ്പുവർഷത്തിൽ 10 പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുകയുണ്ടായി. വൊക്കേഷ

ണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് വേണ്ടി അഗ്രിക്കൾച്ചറൽ സയൻസ്'' എന്ന പാഠപുസ്തകവും കാർഷിക വിളകളുടെ ശാസ്ത്രീയ കൃഷിരീതികൾ ശുപാർശചെയ്യുന്ന 'പാക്കേജ്ഓഫ് പ്രാക്ടീസ്'' എന്ന പുസ്തകവും ഈ വർഷം പ്രസിദ്ധീകരിച്ചു. ''വൃക്ഷ സുഗന്ധവിളകൾ, ''കൂൺ'' എന്നീ പുസ്തകങ്ങളും, ''സസ്യ ശബ്ദാവലി'' എന്ന ഒരു റഫറൻസ് ഗ്രന്ഥവും പ്രസിദ്ധീകരിക്കാൻ തയ്യാറായി വരുന്നു.

സർവകലാശാലയുടെ വിവിധ പ്രവർത്തനങ്ങളും നേട്ടങ്ങളും പ്രതിപാദിക്കുന്ന ഒരു വീഡിയോ ചിത്രത്തിന്റെ നിർമ്മാണം മിക്കവാറും പൂർത്തിയായി. സർവകലാശാലയുടെ പ്രസിദ്ധീകരണ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികൾക്കും അടുത്തവർഷത്തെ ബാഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്.

എക്സിബിഷനുകൾ, കാർഷിക സെമിനാറുകൾ, സന്ദർശന പരിപാടികൾ എന്നിവ കളിലെല്ലാം തന്നെ നടപ്പുവർഷം സർവകലാശാല സജീവമായി പങ്കെടുക്കുകയുണ്ടായി.

കേരള കാർഷിക സർവകലാശാല സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ നടപ്പുവർഷം കുരുമുളക് വർഷമായി ആചരിക്കാൻ തീരുമാനിച്ചതെന്ന് പറയാൻ സന്തോഷമുണ്ട്. കുരുമുളകുൽപ്പാദന സാങ്കേതിക വിദ്യയെക്കുറിച്ച് നടത്തിയ ഏകദിന സെമിനാർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് വേണ്ടി നടത്തിയ പരിശീലന പരിപാടി, കുരുമുളക് കൃഷി എന്ന പുസ്തകത്തിന്റെ പരിഷ്ക്കരിച്ച പതിപ്പിന്റെ പ്രകാശനം, കുരുമുളക് കൃഷിയെക്കുറിച്ചും സംസ്ക്കരണത്തെക്കുറിച്ചും ആകാശവാണി തൃശൂർ നിലയത്തിലൂടെ പ്രക്ഷേപണം ചെയ്ത പരിപാടി പുതിയ കുരുമുളകിനങ്ങളുടെ വിതരണോദ്ഘാടനം എന്നിവ ഇതോടനുബന്ധിച്ച് നടത്തിയ പരിപാടികളാണ്.

ഗവേഷണ കേന്ദ്രങ്ങളിലെ പുതിയ കാർഷിക വിജ്ഞാനത്തിന്റെ പ്രായോഗികത പുരയിടങ്ങളിൽ പ്രദർശിപ്പിക്കുന്ന നാഷണൽ ഡമോൺസ്ട്രേഷൻ പദ്ധതി നടപ്പുവർഷവും തുടർന്നു.

ആദിവാസികളുടെ ഇടയിൽ പട്ടുനൂൽ ഉല്പാദനം പ്രചരിപ്പിക്കാനുദ്ദേശിച്ചു കൊണ്ടുള്ള ഒരു പദ്ധതി സംസ്ഥാന ആദിവാസിക്ഷേമ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ആദിവാസികളുടെ പോഷകാഹാര പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനായി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ഒരു പഠന പരിപാടി നടപ്പാക്കാനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ''പരീക്ഷണശാലയിൽ നിന്നും പാടത്തേക്ക്'' എന്ന പരിപാടിയും ഗ്രാമബന്ധ പരിപാടിയും നടപ്പുവർഷവും തുടർന്നു.

സർവകലാശാലയുടെ ഏഴു കോളേജുകളിലായി നാഷണൽ സർവീസ് സ്കീമിന്റെ 1183 വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന പത്ത് യൂണിററുകൾ പ്ര

വർത്തിക്കുന്നുണ്ട്. തവന്നൂർ എഞ്ചിനീയറിംഗ് കോളേജിലും ഫോറസ്ട്രി കോളേജിലും 50 വിദ്യാർത്ഥികൾ വീതമുള്ള ഓരോ യൂണിററുകൾ ഈ വർഷം പുതുതായി ആരംഭിച്ചു.

ലോക സാക്ഷരതാവർഷമായ 1990ൽ സർവകലാശാലയുടെ വിവിധ എൻ. എസ്. എസ് യൂണിററുകൾ മററ് ഏജൻസികളുമായി യോജിച്ച് ഊർജിത സാക്ഷരതാപ്രവർത്തനം നടത്താൻ പരിപാടിയുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിൻെറ ധനസഹായത്തോടെ ഇൻഡ്യയിലെ വിവിധ സർവകലാശാലകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു നാഷണൽ ഇൻറഗ്രേഷൻ ക്യാമ്പും, കേരളത്തിലെ കർഷകരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ഒരു കാർഷിക പ്രദർശനം നടത്താനും ഉദ്ദേശിക്കുന്നു. ഇവക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് നടപ്പുവർഷം തന്നെ അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മരാമത്ത് പണികൾ

പൂർത്തിയാവാത്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപ്പുവർഷം 139 ലക്ഷം രൂപ പുതുക്കിയ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. അടുത്ത വർഷത്തെ ബഡ്ജററിൽ മരാമത്ത് പണികൾക്കായി 180 ലക്ഷം രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്. നടന്നു വരുന്ന പണികളുടേയും, വരും കൊല്ലത്തിൽ പുതുതായി ഏറെറടുക്കാൻ ഉദ്ദേശിക്കുന്ന പണികളുടേയും വിശദവിവരങ്ങൾ ബഡ്ജററിൽ നൽകിയിട്ടുണ്ട്.

നടപ്പുവർഷത്തിൽ ജീർണോദ്ധാരണ പ്രവർത്തനങ്ങൾക്കായി 17 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് മുഴുവനായും ചിലവ് പ്രതീക്ഷിക്കുന്നു. 1990–91 ബഡ്ജററിൽ ഈയിനത്തിൽ 45 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## കാമ്പസ് വികസനം

മെയിൻ കാമ്പസിലെ ഇന്നത്തെ രൂക്ഷമായ ജലദൗർലഭ്യം പരിഹരിക്കുന്നതിലേക്കായി ഭൂപ്രകൃതിയും, കാലാവസ്ഥയും പരമാവധി പ്രയോജനപ്പെടുത്തി ഫലപ്രദമായ ജലവിനിയോഗ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

മെയിൻ കാമ്പസിൻെറ സൗന്ദര്യവൽക്കരണത്തിനും, മുഴുവൻ ഭൂമി കൃഷിക്കുപയുക്തമാക്കുന്നതിനുമായി എട്ടാം പദ്ധതിയിൽ 60 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്ന പരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിലേക്കായി കാമ്പസ് ഡവലപ്പ്മെൻറ് കമ്മിററി രൂപീകരിക്കുന്നതും പ്ളാനിംഗ് ഡവലപ്പ്മെൻറ് കമ്മിററിയുമായി ഉററബന്ധം പുലർത്തി മെയിൻ കാമ്പസിൻെറ പുരോഗതിക്കായുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതാണ്. ചുരുങ്ങിയത് ഒരു പ്രൊഫസറുടെ നേതൃത്വത്തിൽ അഞ്ചു ശാസ്ത്രജ്ഞൻമാരടങ്ങുന്ന ടീമിനെ ഇതിനായി ചുമതലപ്പെടുത്തുന്നതും വകയിരുത്തിയിട്ടുള്ളതിൽ പകുതിയിലധികം തുക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ചിലവഴിക്കുന്നതുമാണ്.

മെയിൻ കാമ്പസ്, കോളേജുകൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ കൃഷിയിടങ്ങളിൽ ഗവേഷണാവശ്യത്തിന് ആവശ്യമായ സ്ഥലം ഒഴികെയുള്ള മുഴുവൻ ഭൂമിയും വിവിധ വൃക്ഷവിളകളുടേയും മററു കാർഷിക വിളകളുടേയും ശാസ്ത്രീയ കൃഷിക്കുപയുക്തമാക്കുന്നതാണ്.

## വിദ്യാർത്ഥി ക്ഷേമ പ്രവർത്തനങ്ങൾ

വിദ്യാർത്ഥി ക്ഷേമ പ്രവർത്തനങ്ങൾക്കായി 19.19 ലക്ഷം രൂപ അടുത്ത ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ക്ഷേമം ലാക്കാക്കി ബുക്ക്ബാങ്ക് സ്കീം, പഠനത്തിലൂടെ സമ്പാദ്യം (Earn while you learn) എന്നീ പദ്ധതികൾക്കും വേണ്ടുന്ന തുക ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. എല്ലാ കോളേജുകളിലും മെരിററ് സ്ക്കോളർഷിപ്പ്, ഫെല്ലോഷിപ്പ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള ഹോസ്ററലുകൾ നവീകരിക്കുന്നതിനും, ഫർണീച്ചറുകൾ, മററുപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കൂടുതൽ തുക ഇത്തവണത്തെ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. പനങ്ങാട്, മണ്ണുത്തി എന്നിവിടങ്ങളിൽ ഹോസ്ററലുകൾ പണിയുകയൊ, പൂർത്തിയാവാത്തവ പൂർത്തിയാക്കുകയോ ചെയ്യാൻ അടുത്ത വർഷം ഉദ്ദേശിക്കുന്നുണ്ട്.

യൂണിവേഴ്സിററി യൂണിയൻേറയും, കോളേജ് യൂണിയനുകളുടേയും ഗ്രാൻറും നടപ്പുവർഷം വർദ്ധിപ്പിച്ചു.

തവനൂർ എഞ്ചിനീയറിംഗ് കോളേജ്, പനങ്ങാട് ഫിഷറീസ് കോളേജ് എന്നിവിടങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കുവാൻ അടുത്ത ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ട്.

## ഭരണവും ക്ഷേമ പ്രവർത്തനങ്ങളും

ഗവൺമെൻറ് ജീവനക്കാർക്ക് കാലാകാലങ്ങളിൽ നടപ്പാക്കിവരുന്ന എല്ലാ ആനുകൂല്യങ്ങളും അതേ തോതിലും തീയതിക്കും സർവകലാശാല ജീവനക്കാർക്കും അനുവദിച്ചുവരുന്നുണ്ട്. സർവകലാശാലയിലെ അദ്ധ്യാപകർക്കും, ശാസ്ത്രജ്ഞൻമാർക്കും യു. ജി. സി. പദ്ധതി പ്രകാരമുള്ള സേവന–വേതന പരിഷ്ക്കാരങ്ങൾ നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്.

ഏറെക്കാലമായി തൊഴിലാളികളെ സ്ഥിരപ്പെടുത്താതിരുന്ന സാഹചര്യത്തിൽ സർവകലാശാലയിലെ തൊഴിലാളികളെ 1983 മുതലുള്ള പിൻകാല പ്രാബല്യത്തോടെ സ്ഥിരം തൊഴിലാളികളാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ പ്രോവിഡൻറ് ഫണ്ട് വായ്പാ പരിധി 2000ൽ നിന്നും 5000 രൂപയായി ഈ വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ തിരികെ അടക്കണമെന്ന വ്യവസ്ഥയിൽ താത്ക്കാലിക വായ്പയും അനുവദിക്കുന്നുണ്ട്. ഹൗസിംഗ് ധനകാര്യസ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ ഒരു ഭവന നിർമ്മാണ വായ്പാ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ആലോചിച്ചുവരുന്നുണ്ട്. അദ്ധ്യാപകർക്കും, ജീവനക്കാർക്കുമായി ഒരു ക്ഷേമനിധി പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിക്കഴിഞ്ഞു.

അർഹരായ ശാസ്ത്രജ്ഞൻമാരേയും അദ്ധ്യാപകരേയും പ്രോൽസാഹിപ്പിക്കുന്നതിനും അവരുടെ കഴിവുകൾക്ക് അംഗീകാരം നൽകുന്നതിനുമായി അവാർഡുകളും സമ്മാനങ്ങളും ഏർപ്പെടുത്തണമെന്ന് കമ്മിററി ആഗ്രഹിക്കുന്നു.

തങ്ങളുടെ അവകാശങ്ങളോടൊപ്പം തന്നെ കടമകളെക്കുറിച്ചും സർവകലാശാലയിലെ അദ്ധ്യാപകരും എല്ലാ വിഭാഗം ജീവനക്കാരും, തൊഴിലാളികളും ബോധവാൻമാരാകണമെന്നാണ് എനിക്കീയവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ള മറെറാരുകാര്യം. ചില ഗവേഷണ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ഗവേഷകരും മററ് ജീവനക്കാരുമില്ലാത്ത അവസ്ഥ ഗൗരവമായിത്തന്നെ എക്സിക്യൂട്ടീവ് കമ്മിററി കാണുന്നു. സ്ഥല മാററ തത്വങ്ങളിൽ ഭേദഗതിവരുത്തി ഈ കേന്ദ്രങ്ങളിലെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതും, കേന്ദ്രങ്ങളുടെ പ്രവർത്തനം ഊർജിതപ്പെടുത്തുന്നതുമാണ്. ഗവേഷകരുടേയും മററ് ജീവനക്കാരുടേയും സഹകരണം ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് കമ്മിററിക്ക് ഉണ്ടാകണമെന്ന് ഈയവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെ തന്നെ നിലവിലുള്ള തൊഴിലാളികളുടെ അദ്ധ്വാന ശേഷി പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. തൊഴിലാളികളുടെ ''നോംസ്'' പുന: പരിശോധനക്ക് വിധേയമാക്കുന്ന കാര്യവും പരിഗണിച്ചുവരുന്നു. തൊഴിലാളി യൂണിയനുകളും, തൊഴിലാളി സുഹൃത്തുക്കളും ഇക്കാര്യത്തിൽ കമ്മിററിയോട് സർവാത്മനാ സഹകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

കേരള കാർഷിക സർവകലാശാല സ്ഥാപിതമായിട്ട് 18 സംവത്സരങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ കാലയളവിനുള്ളിൽ അസൂയാവഹമായ പലനേട്ടങ്ങളും നമുക്കുണ്ടായിട്ടുണ്ടെന്ന് സംശയ രഹിതമായി അവകാശപ്പെടാനാവുമെന്ന് ഞാൻ കരുതുന്നു. അതോടൊപ്പം തന്നെ നമുക്കുണ്ടായിട്ടുള്ള കോട്ടങ്ങളെക്കുറിച്ചുകൂടി വിലയിരുത്തി ഭാവിയിൽ അവ പരിഹരിച്ചു മുന്നോട്ട് നീങ്ങേണ്ടതുണ്ട്. നമ്മുടെ ദേശീയ വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന കാർഷിക മേഖലയുടെ മാററങ്ങളും, ആവശ്യങ്ങളും ഉൾക്കൊണ്ട് കൊണ്ട് പുതിയ പഠന പദ്ധതികൾ നാം ആവിഷ്ക്കരിക്കണം. അടിസ്ഥാന പരമായി വികസനോന്മുഖമായ കാർഷികമേഖലയുടെ വളർച്ചക്ക് അനുപേക്ഷണീയ ഘടകമായ ഗവേഷണ രംഗം ത്വരിതപ്പെടുത്തേണ്ടതുണ്ട്. കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും, അതിലൂടെ കാർഷിക രംഗത്ത് സമൂല പരിവർത്തനം ഉറപ്പുവരുത്തുവാനും കാർഷിക വൃത്തി ഉപജീവനമാക്കിയ ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനുതകുന്ന കർമ്മ പരിപാടികൾ ഏറെറടുക്കാനുള്ള സംരംഭത്തിൽ നമുക്കേവർക്കും ഒരുമിച്ചു മുന്നോട്ട് നിങ്ങാം.

ഈ ബഡ്ജററ് അംഗങ്ങളുടെ സജീവ പരിഗണനക്കും ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

□□

Kerala Agricultural University
CENTRAL LIBRARY
Vellanikkara, Thrissur - 680 656

Accession No. ....................................

Call No. ...............................................